## അടിയന്തരപ്രമേയം

### പങ്കാളിത്ത പെൻഷൻ പദ്ധതി

മി. സ്പീക്കർ : അടിയന്തരപ്രമേയ വിഷയം ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങളായ പി.സി. വിഷ്ണുനാഥും റ്റി.വി. രാജേഷും സബ്മിഷനുകൾ നൽകിയിരുന്നു. ഇവർ രണ്ടുപേരും ഇന്നലെ രാത്രി എന്നോട് സംസാരിച്ചിരുന്നു. അതേ വിഷയത്തിന് അടിയന്തര പ്രമേയം വന്നതുകൊണ്ട് അത് അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് മുൻകൂട്ടി അവരെ അറിയിക്കുകയാണ്.

പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ട് ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്താനുള്ള നീക്കം സംസ്ഥാനത്തെ തൊഴിലിനായി കാത്തിരിക്കുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരിൽ ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും പ്രതിഷേധവും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽകുമാർ, സി.കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി) : സർ, പ്രതിപക്ഷത്തുനിന്ന് അവതരിപ്പിച്ചിട്ടുള്ള ഈ നോട്ടീസിൽ രണ്ട് കാര്യങ്ങൾ ഊന്നി പറയുന്നു. പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള നീക്കവും പെൻഷൻ പ്രായം 60 വയസ്സാക്കാനുള്ള നീക്കവും. 'നീക്കം' എന്നുപറയുന്നതിന്റെ അർത്ഥം എന്താണ്? 'നീക്കം' എന്നുപറയുന്നത് ഗവൺമെന്റ് ഇൻ-പ്രിൻസിപ്പൾ ഒരു ഡിസിഷൻ എടുത്തിട്ട് ആ ഫയൽ പ്രോസസ് ചെയ്യുന്നതാണ്. അസന്നിഗ്ദ്ധമായി ഞാൻ ഒരു കാര്യം പറയട്ടെ. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതിനുള്ള തീരുമാനവും 60 വയസ്സാക്കി പെൻഷൻ പ്രായം ഉയർത്താനുള്ള തീരുമാനവും എടുത്തിട്ടില്ല. ....(ബഹളം).... ഈ വിഷയത്തിൽ സംസ്ഥാനത്തെ യുവജനങ്ങളെ വിശ്വാസത്തിലെടുക്കാതെ, അവരുമായി ചർച്ച ചെയ്യാതെ ഒരു തീരുമാനവും ഉണ്ടാവുകയില്ല. നമ്മുടെ രാജ്യത്ത് ഉയർന്നുവരുന്ന ചില വിഷയങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ അക്കാഡമിക്കായിട്ടുള്ള ചില ഡിസ്ക്കഷൻസ് വേണ്ടിവരും. ..... (ബഹളം)........

മി. സ്പീക്കർ : ശ്രീ. വി.എസ്. സുനിൽകുമാർ, ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ട് അതിന് ബന്ധപ്പെട്ട മന്ത്രി നിങ്ങളോട് മറുപടി പറയണ്ടേ; നിങ്ങൾ സമ്മതിക്കില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ്. നിങ്ങൾ ആഗ്രഹിക്കുന്നത് പറയാൻ അദ്ദേഹത്തിന് സാധ്യമല്ല. അദ്ദേഹം അദ്ദേഹത്തിന്റെ പൊസിഷൻ ക്ലീയർചെയ്യും. നിങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ പറയണം. പറഞ്ഞ ആദ്യത്തെ വാചകത്തിനുതന്നെ ബഹളം

ഉണ്ടാക്കിയാൽ അതിന്റെ അർത്ഥം എന്താണ്? അദ്ദേഹം പറയുന്നത് കേൾക്കണ്ട എന്നതല്ലേ? അദ്ദേഹം പറയട്ടെ.

ശ്രീ. കെ.എം.മാണി: സർ, അക്കഡമിക്കായിട്ടുള്ള ചില ഡിസ്ക്ക ഷൻസ് ..... നമുക്ക് **pros and cons** പറയേണ്ടിവരും. ഞാൻ ഇന്നലെ പറ ഞ്ഞത്, ഇന്ത്യയിൽ മൂന്നു സംസ്ഥാനം ഒഴികെ മറ്റ് സംസ്ഥാനങ്ങളിലെല്ലാം കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം നടപ്പിലാക്കി. കേന്ദ്രഗവൺമെന്റ് നട പ്പിലാക്കി. നടപ്പിലാക്കിയടത്ത് 60 വയസ്സായി ഉയർത്തിയിട്ടുണ്ട്. അതി നർത്ഥം ഇവിടെ നടപ്പിലാക്കും, ഇവിടെ 60 വയസ് ആക്കും എന്നല്ലല്ലോ? ഇത് അക്കാഡമിക് ഡിസ്ക്കഷനാണ്. ഞാനൊന്നു ചോദിക്കട്ടെ, മാർക്സി സത്തെപ്പറ്റി ഒരു അക്കാഡമിക് ഡിസ്ക്കഷൻ, ഒരു സെമിനാർ നടത്തി യാൽ മാർക്സിസം ഞാൻ അംഗീകരിക്കുന്നുവെന്നാണോ? അല്ലല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാഡമിക് ഡിസ്ക്കഷൻ എന്നുള്ളതാണെങ്കിൽ നമുക്ക് ഡിസ്ക്കഷൻ നടത്താം. ഇന്നലെ നടത്തിയത് അങ്ങനെയല്ലല്ലോ, ധനവിനി യോഗ ബില്ലിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് മന്ത്രി പ്രഖ്യാപിക്കു ന്നത് ഗവൺമെന്റ് തീരുമാനമാണ്.

ശ്രീ. കെ.എം.മാണി : സർ, ഞാൻ അതിലേയ്ക്ക് വരുകയാണ്. ഇവിടെ യുവജനങ്ങളെപ്പറ്റി പ്രതിപക്ഷം പറയുകയുണ്ടായി, ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് അക്കാഡമിക് ഡിസ്ക്കഷനുവേണ്ടി ഒരു കാര്യം പറയുകയാണ്. സംസ്ഥാനത്തെ റവന്യൂ വരുമാനത്തിന്റെ 75 ശത

മാനവും സാലറി, പെൻഷൻ, ഇന്ററസ്റ്റ് എന്നിവയ്ക്കുവേണ്ടി ചെലവഴിക്കുന്നു. ഇനി മുന്നോട്ട് പോകുമ്പോൾ സംസ്ഥാനത്തെ റവന്യു വരുമാനത്തിന്റെ 100 ശതമാനത്തിലേയ്ക്ക് നമ്മൾ ചെന്നെത്തുന്നുവെങ്കിൽ പിന്നെ സംസ്ഥാനത്തെ യുവജനങ്ങൾക്ക് ജോബ് ക്രീയേഷനുവേണ്ടി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ പണം ഗവൺമെന്റിന്റെ കയ്യിലുണ്ടാകുമോ? അപ്പോൾ നമുക്ക് അക്കാഡമിക് ഡിസ്ക്കഷൻ നടത്തേണ്ടത്, ഈ പ്രവണതയെ എങ്ങനെ സംസ്ഥാനത്ത് നേരിടാൻ കഴിയും എന്നതാണ്. നിങ്ങളും ഭരണത്തിൽ വരും. നിങ്ങൾ എന്നും പ്രതിപക്ഷത്താണോ ഇരിക്കുന്നത്? അല്ല. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം എന്തുവേണം എന്നുള്ളത് ആലോചിക്കണം. അതാണ് അക്കാഡമിക് ഡിസ്ക്കഷൻ എന്ന് പറയുന്നത്. അതുകൊണ്ട് മിണ്ടാൻ പാടില്ല. മിണ്ടിയാൽ ഇതാ 60 വയസ്സാക്കുന്നു, യുവജനങ്ങളെ പെട്ടന്ന് പ്രകോപിപ്പിക്കുക, വികാരം ഇളക്കുക ഈ പരിപാടിയൊന്നും നടക്കുകയില്ല. അക്കാഡമിക്കായിട്ട് വേറൊരു കാര്യം. ചെറുപ്പക്കാരുടെ ക്ഷേമത്തിന്റെ മൊണോപ്പൊളിയൊന്നും ആരും എടുക്കണ്ട. ചെറുപ്പക്കാർക്കുവേണ്ടിയല്ലേ ഈ കൊല്ലത്തെ ബഡ്ജറ്റിൽ സ്വയംസംരംഭക മിഷൻ. സ്കിൽ അപ്ഗ്രഡേഷൻ – പതിനായിരക്കണക്കിന് യുവജനങ്ങൾക്ക് ജോലി ഉണ്ടാക്കിക്കൊടുക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച യു.ഡി.എഫ്. ഗവൺമെന്റാണ് ഇവിടെ യുവജനങ്ങളുടെ ക്ഷേമം കൈവരുത്തുന്നത്. നിങ്ങൾ ആ മൊണോപ്പൊളി എടുക്കാനായിട്ട് തുനിഞ്ഞാൽ ആ പരിപ്പ് ഈ കലത്തിൽ വേവുകയില്ല.

അതുകൊണ്ട് ഇല്ലാത്ത അർത്ഥം പറഞ്ഞുകൊണ്ടുള്ള അടിയന്തര പ്രമേയത്തിന് കാര്യപ്രസക്തി ഇവിടെ ഇല്ല, ഗവൺമെന്റ് ഇതുസംബന്ധിച്ച് ഒരു തീരുമാനവും എടുത്തിട്ടില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ ധനവിനിയോഗ ബില്ലിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് നടത്തിയ പ്രഖ്യാപനം ഒരു അക്കാഡമിക് ഡിസ്ക്കഷനു വേണ്ടി വച്ചതാണെന്നാണ് അദ്ദേഹം പറഞ്ഞത്. നിയമസഭ ഒരു ക്ലബ്ബ് അല്ല. നിയമസഭ ഒരു നിയമനിർമ്മാണ വേദിയാണ്. ഡിബേറ്റ് നടത്തുവാൻ ഒരു ക്ലബ്ബിനെപ്പോലെ നിയമസഭയെ ഉപയോഗിക്കാൻ ധനകാര്യ മന്ത്രിക്കല്ല ആർക്കും അവകാശമില്ല. ധനവിനിയോഗ ബില്ലിന്റെ മറുപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പറയുമ്പോൾ, ആ പറയുന്നത് ഗവൺമെന്റിന്റെ ഒരു നിലപാടാണെന്നാണ് പൊതു സമൂഹത്തിൽ നമ്മൾ ധരിക്കുക. അദ്ദേഹം പറഞ്ഞത് പ്രതിഷേധത്തിൽ ഭയപ്പെട്ടിട്ട് ഈ തീരുമാനത്തിൽനിന്ന് പുറകോട്ട് പോകില്ലയെന്നുകൂടിയാണ്.

ശ്രീ. കെ.എം.മാണി : സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : മാധ്യമങ്ങളിലൂടെ ലോകം മുഴുവൻ കണ്ട കാര്യമാണ്. യുവജന സംഘടനകൾ ......(ബഹളം)...... തീരുമാനിക്കാവുന്നതാണെന്നാണ് പറഞ്ഞത്. പ്രതിഷേധത്തിൽ ഭയപ്പെട്ട് പുറകോട്ട് പോകുന്ന പ്രശ്നമേ ഉദിക്കുന്നില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങ് പറഞ്ഞത് പുറകിലോട്ട് പോകില്ല മുന്നിലോട്ട് പോകുമെന്നല്ലേ; മുന്നോട്ട് പോകുമെ

ന്നാണ് അതിന്റെ അർത്ഥം. .....(ബഹളം)..... പുറകിലോട്ട് പോകില്ല എന്ന് പറയുന്നതിന്റെ അർത്ഥം മുന്നോട്ട് പോകുമെന്നാണ്. ഞാൻ പുറകോട്ട് പോകില്ല എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം മുന്നോട്ട് പോകുമെന്നാണ്. ഇത് യുവജന സംഘടനകളുമായി ചർച്ച ചെയ്ത് നടപ്പിലാക്കും, യുവജ ന സംഘടനകളുടെ അഭിപ്രായം കേട്ടതിനുശേഷം നടപ്പിലാക്കുമെന്നാണ് അതിനെ സപ്ലിമെന്റ് ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിന്നീട് മാധ്യമങ്ങളോട് പറയുന്നത് കണ്ടത്. ഈ ഗവൺമെന്റിനെ വിശ്വാസത്തിലെടുക്കാൻ പറ്റാത്ത ഒരു പ്രശ്നം ഈ വഞ്ചനാപരമായ നിലപാട് ആദ്യമായിട്ടല്ല ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ നിയമസഭയിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയുടെ സന്ദർഭങ്ങളിലെല്ലാം മന്ത്രി മാരും മുഖ്യമന്ത്രിയും പറഞ്ഞുകൊണ്ടിരുന്നത് ഞങ്ങളുടെ പരിഗണന യിൽ അത് ഇല്ല എന്നാണ്. 56 വയസ്സാക്കാൻ ഞങ്ങൾ പരിഗണിച്ചിട്ടില്ല. അങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയും മറുഭാഗത്ത് ഏകപക്ഷീയമായിട്ട് കേരളത്തിലെ ഒരു യുവജനസംഘടനകളുമായും ചർച്ച നടത്താതെ അത് പ്രഖ്യാപിച്ച ഗവൺമെന്റാണ്. അതുകൊണ്ട് ഈ പ്രഖ്യാപനം യാദൃശ്ചിക മായിട്ട് ശ്രീ. കെ.എം. മാണിയുടെ മനസ്സിൽനിന്ന് പൊട്ടിപ്പുറപ്പെട്ട, തികട്ടി വന്ന ഒരു സംഗതിയല്ല. ഇതിനൊരു ആലോചന നടന്നിട്ടുണ്ട്. ആ ആലോ ചനയുടെ ഭാഗമായിട്ടുള്ള ഒരു പ്രഖ്യാപനമാണിത്. അദ്ദേഹം ഒരു ഇര ഇട്ടു കൊടുത്തതാണ്. ഇതൊരു ഒറ്റപ്പെട്ട പ്രഖ്യാപനമായിട്ട് കാണാൻ കഴിയുക യില്ല. ഒറ്റപ്പെട്ട പ്രഖ്യാപനമല്ല എന്ന് പറയാൻ കാരണം, ഇതിന്റെ ഭാഗമായി

അദ്ദേഹം പറഞ്ഞ പങ്കാളിത്ത പെൻഷൻ, അതുപോലെ തന്നെ കഴിഞ്ഞ ദിവസം ചെലവ് ചുരുക്കൽ നടപടികളെന്ന നിലയ്ക്ക് പ്രഖ്യാപിച്ച നിയമന നിരോധനം, സിവിൽ സർവ്വീസ് വെട്ടിച്ചുരുക്കൽ, തസ്തികകൾ ഇനി പുതുതായിട്ട് സൃഷ്ടിക്കാതിരിക്കൽ ഇങ്ങനെ ഒരുപാട് വാർത്തകളും നിർദ്ദേശങ്ങളും വന്നുകൊണ്ടിരിക്കുകയാണ്. മനിലയിൽ വച്ച് എം.ജി.പി. കരാർ ഒപ്പുവച്ചതിന്റെ ഭാഗമായി, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ എം.ജി.പി.യുടെ ഭാഗമായി സിവിൽ സർവ്വീസ് ഡൗൺ സൈസ് ചെയ്യാൻ ഈ ഗവൺമെന്റ് പോവുകയാണ്. ഇവിടത്തെ ജീവന ക്കാരേയും യുവജനങ്ങളേയും പരസ്പരം തല്ലിക്കാനുള്ള ഒരു ഇര ഇട്ടു കൊടുക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. പങ്കാളിത്തം, ഈ പെൻഷനെക്കുറിച്ച് ഇപ്പോഴും പറഞ്ഞ ഒരു ഡിബേറ്റിംഗ് പോയിന്റാണത്. ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിലേക്ക് ഒരു കാര്യം കൊണ്ടുവരികയാണ്. എന്താണ് പെൻഷൻ? സുപ്രീംകോടതിയുടെ ഒരു നിർവ്വചനമുണ്ട്. പെൻഷൻ ഒരാൾ ചെയ്തുതീർത്ത ആത്മാർത്ഥ സേവനത്തിനുള്ള പ്രതിഫ ലമാണ്. എന്നാൽ അതിനുപരിയായി അത് സാമ്പത്തിക സുരക്ഷാ വാഗ്ദാ നമാണ്. പ്രായമാകുകയും തൊഴിലെടുക്കാൻ ശേഷിയില്ലാതാകുകയും ചെയ്യുന്ന ഘട്ടത്തിൽ ഒരു തൊഴിലാളിക്ക് ലഭിക്കേണ്ട സാമൂഹിക-സാമ്പ ത്തിക നീതിയുടെ സാക്ഷാത്കാരമാണത്. പഴയ സമ്പാദ്യംകൊണ്ട് മാത്രം അതിജീവിക്കേണ്ടിവരുന്ന ഘട്ടത്തിലേക്കുള്ള കൂലിയുടെ വിഹിതമാണ് പെൻഷൻ. പെൻഷൻ ഒരു അവകാശമാണ്. സർക്കാർ തീരുമാനങ്ങൾക്ക

നുസരിച്ച് മാറ്റാവുന്നതല്ല ഈ അവകാശം. പെൻഷൻ മാറ്റിവയ്ക്കപ്പെട്ട വേതനം തന്നെയാണ്. അത് തൊഴിലുടമയുടെ സൗജന്യമോ ഔദാര്യമോ അല്ല. നൽകപെട്ട സേവനത്തിനുള്ള മാറ്റിവച്ച വിഹിതമാണത്. ഇത് 1982 -ലെ അഞ്ചംഗ സുപ്രീംകോടതി ബഞ്ച് വിധിച്ചിട്ടുള്ള വിധിയാണ്. ഇതാണ് നമ്മുടെ ഇന്ത്യയുടെ പെൻഷനെക്കുറിച്ചുള്ള പൊതുസങ്കൽപം. അഞ്ചാം ശമ്പള കമ്മീഷൻ പറയുകയാണ്, ജീവനക്കാർക്ക് അർഹമായ ശമ്പളം ഞങ്ങൾ ശുപാർശ ചെയ്യുന്നില്ല. കാരണം അവർക്ക് പെൻഷൻ ലഭിക്കുന്നു ണ്ട്. അതിനായി ശമ്പളത്തിന്റെ ഒരു ഭാഗം പിടിച്ചുവയ്ക്കുന്നു എന്ന തത്വം ഞങ്ങൾ അംഗീകരിക്കുന്നു. ജീവനക്കാരുടെ വേതനം പരിഷ്കരി ക്കുമ്പോഴൊക്കെ പെൻഷനും പരിഷ്കരിക്കണം. പെൻഷൻ മൗലികമായ, വേർപെടുത്താനാകാത്ത നിയമപരമായി നൽകേണ്ട ഒരവകാശമാണ്. റിട്ട യേർഡ് സുപ്രീംകോടതി ജഡ്ജിയായിരുന്ന രത്നവേൽ പാണ്ഡ്യൻ കമ്മീഷൻ റിപ്പോർട്ടാണ് ഞാൻ പറയുന്നത്. ഈ സങ്കൽപത്തിലാണ് ഇന്ത്യയിൽ മുന്നോട്ട് പോകുന്നത്. ആ സങ്കൽപത്തിന് കടകവിരുദ്ധമായി ട്ടുള്ള ബില്ല് അടിച്ചേൽപ്പിക്കാൻ നടക്കുന്നതിന്റെ ഭാഗമായിട്ടാണ് ശ്രീ. കെ. എം. മാണിയുടെ ഈ ആഗ്രഹം വെളിപ്പെടുന്നത്. പി.എഫ്.ആർ.ഡി.എ. ബിൽ കൃത്യമായി പറയുന്നുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകു ന്നില്ല. പാർലമെന്റിന്റെ പരിഗണനയിലുള്ള ബില്ലിന്റെ ക്ലോസ് നമ്പർ എഫ് 20 (ജി)-ൽ പറയുകയാണ് പുതിയ പെൻഷൻ പദ്ധതിക്ക് യാതൊരു സർക്കാർ ഗ്യാരന്റിയും ഉണ്ടായിരിക്കുന്നതല്ല. ഫണ്ടിൽ ചേരുന്നവർ

വാങ്ങുന്ന പദ്ധതിയുടെ കമ്പോളാധിഷ്ഠിത ഗ്യാരന്റി മാത്രമേ പുതിയ നിയമം ഉറപ്പ് ചെയ്യുകയുള്ളു എന്നാണ്. വളരെ കൃത്യമായി പെൻഷൻ കൊടുക്കുന്ന ഒരു സ്കീമിൽ നിന്ന് പുറകോട്ട് പോകാൻ കേന്ദ്രഗവൺമെന്റ് ആസൂത്രണം ചെയ്യുന്ന ഒരു പദ്ധതിയിലേക്ക് കേരളത്തെ കൊണ്ടുപോയി കെട്ടുവാനും കേരളത്തിലെ സർക്കാർ ജീവനക്കാരേയും യുവജനങ്ങളേയും ഒരുമിച്ച് വഞ്ചിക്കുവാനുമുള്ള ഒരാസൂത്രണമാണ് ഇവിടെ നടക്കുന്നത്. അതിന്റെ ഭാഗമായാണ് ഈ സമീപനം. ഞാൻ ഇന്നലേയും പറഞ്ഞു, ഇത് പാലായിൽ നിന്ന് ആരംഭിക്കുന്ന സമീപനമല്ല. ഇത് ലോകത്തിന്റെ 60 രാജ്യങ്ങളിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പരീക്ഷണമാണ്. Austerity Measures എന്നുപറയുന്നതിൽ ചെലവുചുരുക്കൽ നടപടികൾ ലോകത്തെ രണ്ടായി വിഭജിച്ചിരിക്കുകയാണ്. ചെലവുചുരുക്കൽ നടപടികൾക്കനുകൂലമായ ഒരു വിഭാഗവും ചെലവ് ചുരുക്കൽ നടപടികൾക്കെതിരായ ഒരു വിഭാഗവും എന്ന നിലയിൽ ലോകത്തെ തൊഴിലാളികളും ജീവനക്കാരും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു സാഹചര്യമുണ്ട്. അൻപത്തിയഞ്ച് വയസ് വാർദ്ധക്യമാണോ എന്ന ഒരു ചോദ്യം ഇവിടെ ഉന്നയിക്കുകയാണ്. അൻപത്തിയഞ്ച് വയസ്സിൽ അവരെ വെറുതെ ഇരുത്തണോ; അൻപത്തിയഞ്ച് വയസ് വാർദ്ധക്യമല്ലെങ്കിൽ, അല്ല. അവരുടെ കർമ്മശേഷിയെ ഫലപ്രദമായി വിനിയോഗിക്കാനുള്ള പദ്ധതികൾ സർക്കാർ ആലോചിക്കണം. ടെക്നിക്കൽ ലെവൽ എക്സ്പർട്ട് കമ്മിറ്റി എന്ന നിലയിൽ ജനകീയാസൂത്രണത്തെ സഹായിക്കുന്നതിനുവേണ്ടി

യുള്ള ഒരു സമിതി ഉണ്ടായിരുന്നു. അതിനെ പിരിച്ചുവിട്ടവരാണ് ഈ പറയുന്നത്. അൻപത്തിയഞ്ച് വയസ് കഴിഞ്ഞവരുടെ കർമ്മശേഷി എങ്ങനെ ഉപയോഗിക്കാം എന്നുള്ള കാര്യം ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കണം. അൻപത്തിയഞ്ച് വയസ്സുകാരനെക്കുറിച്ച് ആശങ്കപ്പെടുമ്പോൾ ഇരുപത്തിയഞ്ചു വയസ്സുകാരനെക്കുറിച്ച് ആശങ്കപ്പെടണ്ടേ? എംപ്ലോയ്മെന്റ് ജനറേഷനെക്കുറിച്ച് എന്താണ് ഇവിടെ ചർച്ച നടക്കുന്നത്? വൃദ്ധസദനങ്ങളുടെ നാടാക്കി മാറ്റലാണോ കേരളത്തിൽ നമ്മൾ ചെയ്യേണ്ടത്? എന്താണ് ഈ ഗവൺമെന്റ് പുതിയ എംപ്ലോയ്മെന്റ് ജനറേഷനുവേണ്ടി കൊണ്ടുവന്നത്? ഏതെങ്കിലും പദ്ധതി ഇവിടെ കൊണ്ടുവന്നോ? അദ്ദേഹം ഇവിടെ പ്രഖ്യാപിച്ചു, സ്വയം സംരംഭകത്വമിഷൻ. ഇപ്പോഴും അദ്ദേഹം പറയുകയാണ്, 416 ആളുകൾക്കാണ് സ്വയം സംരംഭകത്വമിഷൻ വഴി ആകെ പരിശീലനം കൊടുത്തത്. 22 പേരാണ് അതിന്റെ ഗുണഭോക്താക്കൾ. ജിം, എമർജിംഗ് കേരള എന്നൊക്കെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു മെഗാവാട്ട് വൈദ്യുതി പുതുതായി ഉൽപാദിപ്പിക്കാതെ എങ്ങനെയാണ് വ്യവസായം വരുന്നത്? പുതിയ പൊതുമേഖലാ വ്യവസായങ്ങളിൽ എവിടെയാണ് പുതിയ നിയമനങ്ങളുള്ളത്? ഉള്ള നിയമനത്തിന് തയ്യാറാക്കിയ ലിസ്റ്റ് പൂർണ്ണമായി റദ്ദ് ചെയ്ത് അവിടെ നിലവിലുള്ളവരെ നിലനിർത്തണമോയെന്ന് ചിന്തിക്കുമെന്നുള്ളതാണ് ഗവൺമെന്റ് പറയുന്നത്. വ്യവസായത്തിലും കൃഷിയിലും സ്വയംതൊഴിലിലുമെല്ലാം തൊഴിലവസരങ്ങൾ നിഷേധിക്കുന്ന ഒരു സന്ദർഭത്തിൽ കേരളത്തിന്റെ ഏക പ്രതീക്ഷയായ

തൊഴിൽ ദായകരായ ഗവൺമെന്റ് ഇങ്ങനെ ഒരു സമീപനം സ്വീകരിക്കുന്നത് ആശങ്കയുണ്ടാക്കുമെന്ന കാര്യത്തിൽ ആർക്കാണ് സംശയം? ഇത് ഇടയ്ക്കിടയ്ക്ക് ചർച്ചയ്ക്കിട്ട് ഒരു അന്തരീക്ഷം സൃഷ്ടിക്കാനുള്ള പരിശ്രമമാണ് നടത്തുന്നത്. മറ്റൊരു വാദമാണ് പെൻഷൻ നഷ്ടമാണെന്നത്. എല്ലാവർക്കും ലഭിക്കുന്നില്ല, പ്രൊഡക്ടീവല്ല...... കേന്ദ്രമന്ത്രി ശ്രീ. ചിദമ്പരം വന്നു പറഞ്ഞു, നിങ്ങൾ പെൻഷൻ കൊടുത്ത് മുടിക്കുന്ന ഒരു സംസ്ഥാനമാണെന്ന്. പെൻഷൻ പ്രൊഡക്ടീവല്ലാത്തതായി കാണേണ്ട സംഗതിയല്ല. സുപ്രീംകോടതിയുടേയും ധനകാര്യ കമ്മീഷനുകളുടേയും നിബന്ധനയുടെ ഭാഗമായി ഈ രാജ്യത്തെ പാവപ്പെട്ട മനുഷ്യരുടെ സമൂഹിക സുരക്ഷാവലയത്തിലുൾപ്പെടുന്ന പദ്ധതിയാണ്. പെൻഷൻ ഒരു ബാധ്യതയല്ല. അതൊരു സാധ്യതയാണ്. ജീവിത നിലവാരം, പഠന നിലവാരം, ആരോഗ്യ നിലവാരം ഇതിന്റെയെല്ലാം സൂചികകൾ കേരളത്തിൽ ഉയർന്നുനിൽക്കുന്നത് ലക്ഷക്കണക്കിനുവരുന്ന കുടുംബങ്ങൾക്ക് ലഭ്യമാകുന്ന ഈ സുരക്ഷാ വലയത്തിന്റെ കരുത്തിലാണ്. ആ സുരക്ഷാവലത്തിൽ ഇന്ന് ആരെങ്കിലും ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്താനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുക എന്നുള്ളതാണ് ജനപക്ഷത്ത് നിൽക്കുന്ന ഒരു ഗവൺമെന്റ് ചെയ്യേണ്ടത്. എങ്ങനെയാണ് ഈ സുരക്ഷാവലയത്തിൽ ഉൾപ്പെടാത്തവരെ കൂടുതൽ സഹായിക്കുന്നത്? എങ്ങനെ അവരെ കൂടുതൽ മെച്ചപ്പെട്ട ജീവിത നിലവാരത്തിൽ കൊണ്ടുവരുമെന്ന് ആലോചിക്കുന്നതിനു പകരം ഈ ആനുകൂല്യങ്ങളിൽനിന്ന്

അവരെ ആട്ടിപ്പുറത്താക്കുന്നത് ആർക്കുവേണ്ടിയാണ്? ഒരു ഡിമാന്റ് മറ്റ് മേഖലകളിൽ ഉയർത്താൻ കഴിയണമെങ്കിൽ സർക്കാർ മേഖലയിലെ ശമ്പളവും ആനുകൂല്യങ്ങളും വേണ്ടെ? നഴ്സുമാർ എന്ത് ഉന്നയിച്ചാണ് ഇവിടെ സമരം കൊണ്ടുവന്നത്? സർക്കാർ മേഖലയിലെ നഴ്സുമാർക്ക് കിട്ടുന്ന ശമ്പളം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഇവിടെ വെള്ള വസ്ത്രം ധരിക്കുന്നവർ എന്ന് വിശേഷിപ്പിക്കപ്പെട്ട നഴ്സുമാരുടെ സമരം ഉണ്ടായത്. എയ്ഡഡ് സ്കൂളുകളിലേയും സർക്കാർ സ്കൂളുകളിലേയും അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ സമരത്തിലേക്ക് വരുന്നത്. സമാനമായ തൊഴിലുകളിൽ ഈ ഡിസ്പാരിറ്റി ഇല്ലാതാക്കാൻ അവർക്ക് ഡിമാന്റ് ചെയ്യാൻ പറ്റണമെങ്കിൽപോലും ഇത് നിലനിൽക്കണം. ഇത് ഇല്ലാതാക്കാൻ വേണ്ടിയുള്ള നീക്കത്തെ ശക്തമായി എതിർക്കുന്ന നിലപാട് സ്വീകരിക്കണം. സർക്കാരിന്റെ കയ്യിൽ വിഭവമില്ലെന്നാണ് പറയുന്നത്. വിഭവ സമാഹരണത്തിന് പുതിയ മാതൃകകൾ സ്വീകരിക്കണം. വിഭവ സമാഹരണത്തിന്റെ മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ സഭ ഒറ്റക്കെട്ടായ നിലപാട് സ്വീകരിക്കണം. സംസ്ഥാനം നികുതിപിരിവ് ഊർജ്ജിതപ്പെടുത്തണമെന്നുള്ള നിലപാടിൽ ഒരുമിച്ച് നിൽക്കാം. കേന്ദ്ര വിഹിതത്തിനായി ഒരു നീതിപൂർവ്വമായ നികുതി വിഭജനത്തിന് ഒരുമിച്ച് പോരാടാൻ നിങ്ങൾ തയ്യാറുണ്ടോ? അടിമത്ത മനോഭാവം ഉപേക്ഷിച്ച് കേന്ദ്ര നികുതിയുടെ ഒരു പങ്ക് കേരളത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും ലഭ്യമാക്കുവാൻ വേണ്ടി

യുള്ള കൂട്ടായ പരിശ്രമത്തിന് നിങ്ങൾ തയ്യാറുണ്ടോ? സ്വകാര്യവൽക്കരണമാണ് ഇതിന്റെയെല്ലാം മോചനമാർഗ്ഗമെന്ന് പറയുമ്പോൾ അതിന്റെ മറുഭാഗത്ത് നിങ്ങളുടെ നേതാക്കൻമാർ നടത്തിക്കൊണ്ടിരിക്കുന്ന ഈ വിഭവ സമാഹരണത്തിന്റെ നേർവിപരീതം...........

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ഊറ്റിക്കൊണ്ടുപോകലാണ് ഇവിടെ നടക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ കയ്യിലും സംസ്ഥാന ഗവൺമെന്റിന്റെ കയ്യിലും പണമില്ലെന്നാണ് പറയുന്നത്. 2011-12 -ൽ മാത്രം നിങ്ങളുടെ കേന്ദ്ര നേതൃത്വം അഞ്ചുലക്ഷത്തി ഇരുപത്തിയൊൻപതിനായിരം കോടി രൂപയാണ്_ടാക്സ് എക്സംപ്ഷനും ടാക്സ് ഹോളിഡേയുമായി പ്രഖ്യാപിച്ചത്. അതിൽ അൻപത്തിയൊന്നായിരം കോടി രൂപ കോർപ്പറേറ്റുകൾക്ക് മാത്രം നൽകിയ ഇളവാണ്. ടു ജി സ്പെക്ട്രം വഴി മാത്രം നഷ്ടപ്പെട്ടത് ഒരുലക്ഷത്തി എഴുപത്താറായിരം കോടി രൂപയാണ്. കൽക്കരി ഖനികൾ സ്വകാര്യവൽക്കരിക്കാൻ വിട്ടുകൊടുത്തതിന്റെ ഭാഗമായി നഷ്ടപ്പെട്ടത് ഒരുലക്ഷത്തി എൺപത്താറായിരം കോടി രൂപയാണ്. ഈ സമാന അനുഭവങ്ങൾ,. കെ.ജി. ഗ്യാസ് ബെയ്സിനിലെ കൃഷ്ണ-ഗോദാവരി നദീതടത്തിലെ പ്രകൃതിവാതകം ഊറ്റിയെടുത്തതിന്റെ ഭാഗമായി റിലയൻസ് കമ്പനി കൊണ്ടുപോയത് അൻപതിനായിരം കോടി രൂപയാണ്. അമിതമായ ഉദാരവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ഭാഗമായി ഈ നാടിന്റെ പ്രകൃതി വിഭവം ഊറ്റിക്കൊണ്ടുപോകുമ്പോൾ നിശ

ബ്ദമായ മൗനം പാലിച്ചു. അതിന് കൂട്ടുനിൽക്കുന്ന ഈ സമീപനം തുടരുന്നവർക്ക് എങ്ങനെയാണ് വിഭവ സമാഹരണത്തെക്കുറിച്ച് പറയാൻ കഴിയുക? കേരള കേഡർ ഭരത് ഭൂഷണിനെ എന്തിനാണ് മാറ്റിയത്? അദ്ദേഹം ഡി.ജി.സി.എ.-യുടെ ഡയറക്ടർ സ്ഥാനത്തിരുന്നിട്ട് 24 മണിക്കൂറിനകം മാറ്റി. എന്തിനാണ് മാറ്റിയത്? കിംഗ് ഫിഷറിനെ തൊട്ടപ്പോഴാണ്. കോർപ്പറേറ്റുകളെ തൊടാൻ പറ്റാത്ത, കോർപ്പറേറ്റുകൾക്ക് അനുകൂലമായ നയം.......(ബഹളം).....

<u>മി. സ്പീക്കർ:</u> ശ്രീ. പി. ശ്രീരാമകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> കേരളത്തിലേക്ക് ഇംപോർട്ട് ചെയ്യാൻ വേണ്ടിയുള്ള നയമാണ് നടത്തുന്നത്. ...(ബഹളം)..... ഇതിലൊക്കെ മൗനം പൂണ്ടിരുന്ന് എല്ലാ പാപഭാരവും ജീവനക്കാരുടെ പെൻഷനിൽ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല. യുവജനങ്ങൾ എങ്ങോട്ടാണ് പോകേണ്ടത്? ലോകത്താകെയുള്ള അനുഭവങ്ങൾ ഓർമ്മിക്കണം. ഒരു കാര്യം ഞാൻ കൃത്യമായി പറയുകയാണ്, കേരളത്തിലെ പെൻഷൻ പ്രായം അറുപത് വയസ്സാക്കിയാൽ അത് ഈ സർക്കാരിന്റെ അന്ത്യദിനമായിരിക്കും. അറുപത് വയസ്സാണെന്ന പ്രഖ്യാപനം ഒന്നിച്ചായിരിക്കും. **X X X X** ....(ബഹളം)......

<u>മി. സ്പീക്കർ:</u> അതൊന്നും ഇവിടത്തെ വിഷയമല്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> യൂത്ത്കോൺഗ്രസുകാർ ഇതിന് കൂട്ടുനിന്നാൽ **X X X X** ....(ബഹളം)....

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, Please, stop it. .....(ബഹളം).....

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: അത് മനസ്സിലാക്കി ഈ നിലപാടിനെതിരായുള്ള യുവജന വികാരത്തോടൊപ്പം നിങ്ങൾ ഒരുമിച്ച് നിൽക്കാത്തതുകൊണ്ട് ഈ അടിയന്തിര പ്രാധാന്യമുള്ള വിഷയം സംബന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ഈ അടിയന്തിര പ്രമേയത്തിൽ ഇല്ലാത്ത മറ്റ് വിഷയങ്ങളൊന്നും രേഖയിൽ ഉണ്ടാകുകയില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ,..... (ബഹളം).......

മി. സ്പീക്കർ: നോ... അങ്ങ് വിഷയത്തിലേക്ക് വരണമായിരുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ,......

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ്, ഇരിക്കൂ. ......(ബഹളം)...... അങ്ങ് ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ട് പറഞ്ഞ എല്ലാ കാര്യങ്ങളും രേഖയിലുണ്ടാകും. അതിനോട് വേർപെട്ട് അങ്ങയുടെ ആക്ഷേപകരമായ പദപ്രയോഗങ്ങൾ, അത് നിങ്ങൾ മാത്രമല്ല ആര് പ്രയോഗിച്ചാലും രേഖയിലുണ്ടാകുകയില്ല. എന്തിനാണ് ആവശ്യമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും പ്രകോപിപ്പിക്കുന്നത്. കാര്യങ്ങളിലേക്ക് വന്നാൽ പോരെ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതിന് അനുമതി നിഷേധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഇവിടെ പറഞ്ഞതിനകത്ത് വളരെ വ്യക്ത

മായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഇന്നലെ അദ്ദേഹം കോൺട്രിബ്യൂട്ടറി പെൻഷനും അറുപത് വയസ് പെൻഷൻ പ്രായവും എന്ന ആശയം ഇവിടെ പറഞ്ഞിട്ട് ഇതു സംബന്ധിച്ച് ഒരു തീരുമാനവും എടുത്തിട്ടില്ല. തീരുമാനം എടുക്കേണ്ടത് ക്യാബിനറ്റാണെന്ന് വ്യക്തമായി ഇവിടെ പറഞ്ഞു. ഇന്നലെ അദ്ദേഹം പറഞ്ഞ അവസരത്തിൽ നിങ്ങൾ ഈ സഭയിൽ ഉണ്ടായിരുന്നെങ്കിൽ ഈ അടിയന്തരപ്രമേയം ഇവിടെ വരികയില്ലായിരുന്നു. എനിക്ക് ഉറപ്പുണ്ട്. കാരണം അത്ര വ്യക്തതയോടുകൂടിയാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഒരു ആശയം ഇവിടെ അവതരിപ്പിച്ചു. അവതരിപ്പിച്ചിട്ട് പറഞ്ഞത് തീരുമാനം എടുത്തിട്ടില്ല, തീരുമാനം എടുക്കേണ്ടത് ക്യാബിനെറ്റാണ് എന്നാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മുഖ്യമന്ത്രി സംസാരിക്കുന്നതുകൊണ്ട് ചോദിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ പുറത്തുപറഞ്ഞത് ഇത് ക്യാബിനറ്റിന്റെ പരിഗണനയിലാണെന്നാണ്. ക്യാബിനറ്റിന്റെ പരിഗണനയിൽ ധനകാര്യവകുപ്പ് ഇങ്ങനെയൊരു വിഷയം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: ക്യാബിനറ്റിന്റെ പരിഗണനയിൽ എന്നൊരു വാക്ക് ഞാൻ പറഞ്ഞില്ല. പരിശോധനയിൽ എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഒരു കാര്യം പറഞ്ഞത് പൊതുവേയുള്ള തെറ്റിദ്ധാരണയാണോ എന്ന് എനിക്ക് സംശയമുണ്ട്. ചെലവ് ചുരുക്കലിന്റെ ഭാഗമായി കോൺട്രിബ്യൂട്ടറി പെൻഷൻ നട

പ്പാക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. അത് അങ്ങനെയല്ല. ഈ ഗവൺമെന്റിന്റെ കാലത്തിനുള്ളിൽ കോൺട്രിബ്യൂട്ടറി പെൻഷൻ കൊണ്ടു വരുന്നതുകൊണ്ട് ഒരു രൂപ ലാഭമുണ്ടാകില്ലെന്ന് മാത്രമല്ല, ഗവൺമെന്റിന് അധിക ബാധ്യത വരാൻ പോകുകയുമാണ്. കാരണം, ഇന്നുള്ള വർക്കെല്ലാം പെൻഷൻ കൊടുക്കണം. കോൺട്രിബ്യൂട്ടറി പെൻഷൻ ഏർപ്പെടുത്തിയാൽ 25 കൊല്ലം കഴിഞ്ഞേ ഗവൺമെന്റിന് ബെനിഫിറ്റ് ഉണ്ടാകുകയുള്ളു. ഇന്നിപ്പോൾ പെൻഷൻ കൊടുക്കുകയും വേണം, കോൺട്രിബ്യൂട്ടറി പെൻഷന്റെ വിഹിതം അടയ്ക്കുകയും വേണം. അപ്പോൾ ഇത് ചെലവ് ചുരുക്കലിന്റെ ഭാഗമല്ല. നമ്മുടെ ഇന്നത്തെ ചില കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. ബംഗാളും ത്രിപുരയും കേരളവും ഒഴികെ ബാക്കിയുള്ള എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഗവൺമെന്റും ഒമ്പത് കൊല്ലം മുമ്പ് ഇത് നടപ്പിലാക്കി. നമ്മെക്കാൾ എത്രയോ പിന്നിൽ കിടന്ന ബീഹാർ പോലും വികസന രംഗത്ത്, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രംഗത്ത് നമ്മേക്കാൾ ബഹുദൂരം മുന്നിൽ പോയിരിക്കുകയാണ്. ഇത് കാണാതിരിക്കാൻ ഉത്തരവാദിത്തപ്പെട്ട ഒരു ഗവൺമെന്റിന് സാധിക്കുമോ? ഇന്ന് ഗവൺമെന്റ് സർവ്വീസിൽ ശമ്പളം പറ്റുന്നവർ 5,34,000 പേരാണ്. പെൻഷൻ വാങ്ങുന്നവർ 5,50,000 പേരാണ്. ഗവൺമെന്റ് സർവ്വീസിലുള്ള തിനേക്കാൾ കൂടുതൽ സംഖ്യയായി. ഇന്ന് ശരാശരി ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ സേവനം സംസ്ഥാനത്തിന്, ജനങ്ങൾക്ക് കിട്ടുന്നത് 25 വർഷം മുതൽ 30 വർഷംവരെയാണ്. നമ്മൾ ഇന്ന് പെൻഷൻ കൊടുക്കേ

ണ്ടത് ശരാശരി 30 വർഷം മുതൽ 35 വർഷം വരെയാണ്. നമ്മുടെ പെൻഷൻ ബാധ്യത വളരെയധികം വർദ്ധിക്കുകയാണ്. ബാധ്യതയെന്നുള്ളത് മാറ്റിപ്പറയണമെന്നുള്ള ആഗ്രഹമാണ് എനിക്ക്. പക്ഷേ ഇന്നൊരു ബാധ്യതയായി മാറിയിരിക്കുന്നു. വികസന പ്രവർത്തനങ്ങളും തൊഴിലവസരങ്ങളും ഉണ്ടാക്കാൻ സാധിക്കാത്ത വിധത്തിൽ നമ്മൾ ബന്ധനസ്ഥരാകുന്ന സ്ഥിതിയിലേയ്ക്ക് വന്നിരിക്കുകയാണ്. ഈ കാര്യത്തിൽ നമ്മൾ ഗൗരവമായി ചിന്തിക്കണ്ടേ? ഞാൻ ഒരുകാര്യം തീർത്തുപറയുന്നു, ഗവൺമെന്റ് ഉദ്യോഗസ്ഥരെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടു മാത്രമേ ഈ കാര്യം, കോൺട്രിബ്യൂട്ടറി പെൻഷന്റെ കാര്യം അവരുമായി ചർച്ച ചെയ്ത് അവരെക്കൂടി വിശ്വാസത്തിലെടുത്ത് മാത്രമേ കൊണ്ടുവരികയുള്ളു. പക്ഷേ നമ്മൾ ചർച്ച ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കിയിട്ട് ഒമ്പത് കൊല്ലം കഴിഞ്ഞു. ഇൻഡ്യയിലെ ഈ മൂന്ന് സംസ്ഥാനങ്ങളൊഴികെ ബാക്കിയുള്ള സംസ്ഥാനങ്ങളൊക്കെ ആ രീതിയിൽ പോകുന്നു.അവരുടെ പെൻഷൻ ബാധ്യത കുറച്ചുകൊണ്ടുവരാൻ ഒമ്പത് കൊല്ലംകൊണ്ട് സാധിച്ചു. ഒമ്പതുകൊല്ലംകൊണ്ട് നമ്മുടെ ബാധ്യത വളരെ കൂടി. നമുക്ക് ഇത് കണ്ടുകൊണ്ടിരിക്കാൻ പറ്റുമോ? ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഈ ഗവൺമെന്റിന് ഒരു രൂപയുടെ നേട്ടമുണ്ടാകില്ല, ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു രൂപയുടെ സഹായം ഈ കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പാക്കിയതുകൊണ്ട് വരില്ലെന്ന് മാത്രമല്ല, അധിക ബാധ്യത അദ്ദേഹം ഏറ്റെടുക്കാൻ പോകുകയുമാണ്.

പെൻഷൻ മുഴുവൻ കൊടുക്കുകയും ആ കൂട്ടത്തിൽ കോൺട്രിബ്യൂട്ടറി പെൻഷന്റെ വിഹിതവും അടയ്ക്കണം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തമായി പറയുന്നില്ല. മറ്റൊന്ന് പ്രൊപ്പോസ്ഡ് ബില്ലിൽ പറയുന്നത്, There shall not be any implicit or explicit assurance of benefits except market based guarantee mechanism to be purchased by the subscriber. കേന്ദ്ര ഗവൺമെന്റിന്റെ പി.എഫ്.ആർ.ഡി.എ. ബില്ലിന്റെ 20-ാം ക്ലോസ് (ജി)-ൽ പറയുന്നതാണ്. ഇതിനെ സംബന്ധിച്ച് എന്താണ് ഗവൺമെന്റിന്റെ നിലപാട്?

ശ്രീ. ഉമ്മൻ ചാണ്ടി : ഇത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് ഇപ്പോഴും ഞാൻ പറയുന്നില്ലെന്ന് പറഞ്ഞാൽ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗം കേട്ടിട്ട് എന്തുതോന്നി? ഇതുസംബന്ധിച്ച് ഒരു തീരുമാനവും എടുത്തിട്ടില്ല. പക്ഷേ നമുക്ക് തീരുമാനമെടുക്കേണ്ടിവരും. കാരണം, നമ്മൾ ഇന്ന് യാഥാർത്ഥ്യങ്ങളുടെ നേരെ തിരിഞ്ഞുനിൽക്കുകയാണ്. ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളും ഈ വഴിക്ക് പോകാൻ തയ്യാറായെങ്കിൽ ആ സംസ്ഥാനങ്ങളിലുണ്ടായിട്ടുള്ള നേട്ടങ്ങൾ കൂടി നോക്കണം. പെൻഷൻ ബാധ്യത കുറച്ചുകൊണ്ടുവന്ന് വികസന രംഗത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രംഗത്തൊക്കെ അവർ വളരെയധികം മുന്നോട്ടുപോകുകയാണ്. നമ്മൾ

ഇവിടെ യാഥാർത്ഥ്യങ്ങൾക്ക് നേരെ തിരിഞ്ഞുനിൽക്കുന്ന സ്ഥിതി വിശേഷമാണ്. നമുക്ക് എത്രനാൾ ഇങ്ങനെ പോകാൻ പറ്റുമെന്ന് നിങ്ങൾ ചിന്തിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചെലവ് ചുരുക്കൽ മന്ത്രത്തിന്റെ ഭാഗമായി ലോകത്തെല്ലായിടത്തും ഇത്തരത്തിലുള്ള ധാരാളം കാര്യങ്ങൾ നടപ്പിലാക്കുന്നുണ്ട്. കേരളത്തിലും അങ്ങ് മുഖ്യമന്ത്രിയായിരുന്ന കാലത്ത്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പ്രഖ്യാപിച്ചിരുന്നു. പക്ഷേ നിങ്ങൾ പ്രഖ്യാപിച്ച കാര്യം നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് തന്നെ നടപ്പാക്കാൻ സാധിച്ചില്ല. അതാണ് കേരളത്തിലെ യാഥാർത്ഥ്യം. ആ യാഥാർത്ഥ്യത്തിൽ ഒരു മാറ്റം ഇപ്പോൾ കേരളത്തിൽ വന്നിട്ടില്ല. ഇൻഡ്യയിൽ മറ്റ് സംസ്ഥാനങ്ങളിലൊക്കെ പലതും നടക്കുന്നുണ്ടാകും. അതെല്ലാം അതേപടി നടപ്പിലാക്കാൻ കഴിയുന്ന ഒരു സ്റ്റേറ്റല്ല കേരളമെന്നതുകൊണ്ടാണല്ലോ നിങ്ങൾക്കുപോലും അത് നടപ്പാക്കാൻ കഴിയാതെ പോയത്. ഇപ്പോൾ വീണ്ടും ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞ കാര്യം, ധനകാര്യ വതുപ്പുമന്ത്രിയിൽക്കൂടി വന്നത് നിങ്ങളുടെ തീരുമാനം നിങ്ങൾ നടപ്പാക്കാൻ തീരുമാനിക്കുന്നതിന്റെ ഭാഗമല്ലേ? ജനങ്ങളെ നിങ്ങൾ കബളിപ്പിക്കുകയല്ലേ ചെയ്യുന്നത്?

ശ്രീ. കെ.എം. മാണി : ഡോ. തോമസ് ഐസകിന്റെ പ്രസ്താവനകളും നമുക്ക് പരിശോധിക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി : ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശരിയാണ്. പക്ഷേ അത് പറഞ്ഞിട്ട് എട്ടുകൊല്ലം കഴിഞ്ഞു. ഇനിയും നമുക്ക് മുന്നോട്ടുപോകാൻ പറ്റാത്ത സാഹചര്യത്തിലേയ്ക്ക് എത്തുകയാണ്. നമ്മുടെ  പെൻഷൻ ബാധ്യത എത്രയാണെന്ന് അറിയാമോ? 7731 കോടി രൂപ. നമ്മുടെ വരുമാനത്തിന്റെ 75 ശതമാനത്തിലധികവും ശമ്പളവും പെൻഷനും ഇന്ററസ്റ്റുമായി കൊടുക്കേണ്ട സ്ഥിതി വന്നിട്ട് ഈ നാട്ടിലെ ജനങ്ങളോട് ഉത്തരവാദിത്തമില്ലേ? അവരെ നമുക്ക് മറക്കാൻ പറ്റുമോ? ഇന്ന് നിലവിലുള്ള ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനും ഒരു പ്രശ്നവുമുണ്ടാകാത്ത വിധത്തിൽ അവർക്കെല്ലാം ഇന്നത്തെ സിസ്റ്റം തുടരും. പുതുതായി ചേരുന്നവർക്ക് മാത്രമാണ് ഇത് നടപ്പാക്കുന്നത്. അത് സർവ്വീസ് സംഘടനകളുമായി സംസാരിക്കും, അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് തീരുമാനത്തിലേയ്ക്ക് പോകേണ്ടിവരും. ഇതിന് ഗവൺമെന്റിന്റെ ചെലവ് ചുരുക്കലുമായി ഒരു ബന്ധവുമില്ല. ഈ സംസ്ഥാനത്തോടുള്ള ബാധ്യത നിറവേറ്റുന്നതിന്റെ ഭാഗമായി അത് ആലോചിക്കേണ്ടിവരും. രണ്ടാമത് പെൻഷൻ പ്രായം കൂട്ടുന്ന കാര്യം, പെൻഷൻ പ്രായം കൂട്ടുന്ന കാര്യവും ഇന്നലെ അദ്ദേഹം ഈ രീതിയിലാണ് പറഞ്ഞത്. കോൺട്രിബ്യൂട്ടറി പെൻഷൻ വരുമ്പോൾ അവർക്ക് കൂടുതൽ നേട്ടം കിട്ടത്തക്ക വിധത്തിൽ വേണമെങ്കിൽ ആലോചിക്കാമെന്ന നിലയിൽ പറഞ്ഞു. ആ കാര്യത്തിലും ഇവിടത്തെ ചെറുപ്പക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ട് അവരുമായി ചർച്ച ചെയ്ത്

മാത്രമേ ഞങ്ങൾ തീരുമാനമെടുക്കുകയുള്ളു. പക്ഷേ ഞങ്ങൾക്ക് ഒരു കാര്യം അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. പെൻഷൻ പ്രായം 56 ആക്കിയപ്പോൾ മാർച്ച് 31-ാം തീയതി റിട്ടയർ ചെയ്യേണ്ടിയിരുന്ന ഉദ്യോഗസ്ഥർ 13,278 പേർ ആയിരുന്നു. കഴിഞ്ഞ കൊല്ലം 6,200 സൂപ്പർ ന്യൂമററി പോസ്റ്റുകൾ ഞങ്ങൾ ക്രിയേറ്റ് ചെയ്തു. ഈ വർഷം 6,000-ത്തോളം സൂപ്പർ ന്യൂമററി പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. മൊത്തത്തിൽ 12,000 സൂപ്പർ ന്യൂമററി പോസ്റ്റുകൾ ഞങ്ങൾ ക്രിയേറ്റ് ചെയ്തു. 13,278 പേർക്ക് ഈ ഏപ്രിൽ 1-ാം തീയതി ജോലി കിട്ടേണ്ട സ്ഥാനത്ത് കഴിഞ്ഞ വർഷവും ഈ വർഷവുമായി ഞങ്ങൾ അതിനോട് ഏതാണ്ട് തുല്യമായ സൂപ്പർ ന്യൂമററി പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. നിങ്ങൾ വിരമിക്കൽ തീയതി ഏകീകരിക്കാൻ സൂപ്പർ ന്യൂമററി തസ്തികകൾ കൊണ്ടുവരുമെന്ന് പറഞ്ഞെങ്കിലും എത്രയാണ് ക്രിയേറ്റ് ചെയ്തതെന്നുള്ളത് എല്ലാവർക്കും അറിയാം. പക്ഷേ ഞങ്ങൾ ചെറുപ്പക്കാരോട് പറഞ്ഞ വാക്ക് പാലിച്ചു. കഴിഞ്ഞ വർഷം ഞങ്ങൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ജോലി കൊടുത്തിട്ടുള്ളതും റെക്കോഡ് നമ്പരാണെന്ന് പറയാൻ ഞങ്ങൾക്ക് സാധിക്കും. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ജോലി കൊടുത്തിട്ടുള്ളവരുടെ കണക്കുനോക്കിയാലും പോസ്റ്റ് ക്രിയേറ്റ് ചെയ്തുകൊണ്ട് പി.എസ്.സി.-ക്ക് റെക്കമെന്റ് ചെയ്ത കണക്കുനോക്കിയാലും അത് വളരെ വ്യക്തമായി അറിയാൻ സാധിക്കും. 2011 മെയ് 11 മുതൽ 2012 ഏപ്രിൽ വരെ 32,897 പേർക്കാണ് പി.എസ്.സി. അഡ്വൈസ് മെമ്മൊ

കൊടുത്തത്. ഈ കാലഘട്ടത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത വേക്കൻസികൾ 48,832 ആണ്.. ഇത് ഒരു റെക്കോഡാണ്.

ശ്രീ. റ്റി. വി. രാജേഷ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു യുവജനങ്ങളെ വിശ്വാസത്തിലെടുക്കുമെന്ന്. ഈ വിഷയം കഴിഞ്ഞ രണ്ടാം സമ്മേളനത്തിൽ വന്നപ്പോൾ ഞങ്ങൾ അത് ഉന്നയിച്ചു. അന്നും മുഖ്യമന്ത്രി പറഞ്ഞു യുവജനങ്ങളെ വിശ്വാസത്തിലെടുക്കുമെന്ന്. യുവ ജന സംഘടനകളുമായി ഒരു ചർച്ചയും നടത്താതെ പെൻഷൻ പ്രായം 56 ആയി ഉയർത്തി. പെൻഷൻ പ്രായം ഉയർത്തൽ ഈ സർക്കാരിന്റെ നയമാണോ അല്ലയോ എന്ന് അങ്ങ് വ്യക്തമാക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി : ശ്രീ. രാജേഷ്, പെൻഷൻ പ്രായം 56 ആക്കി യത് ആരാണ്? ഡോ. തോമസ് ഐസക് വിരമിക്കൽ തീയതി ഏകീകര ണത്തിന്റെ പേരിൽ ഫലത്തിൽ 56 ആക്കിയത് നിങ്ങളുടെ കാലത്താണ്. എന്നിട്ട് സുപ്പർ ന്യൂമററി പോസ്റ്റ് ക്രിയേറ്റ് ചെയ്യുമെന്ന് ഈ സഭയിൽ അദ്ദേഹം ഉറപ്പുനൽകിയതാണ്. എത്ര സുപ്പർ ന്യൂമററി പോസ്റ്റ് ക്രിയേറ്റ് ചെയ്തു? .........(ബഹളം)..... ഞാൻ പറയട്ടെ.... മറുപടി പറയാൻ സമ്മതി ക്കണ്ടേ? പെൻഷൻ പ്രായം ഉയർത്തൽ ഈ ഗവൺമെന്റിന്റെ നയമാണോ എന്ന് ചോദിച്ചാൽ ഈ ഗവൺമെന്റിന് അതിനെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അത് ഞാൻ പറഞ്ഞുകഴിഞ്ഞു. ധനകാര്യ വകുപ്പു മന്ത്രിയും പറഞ്ഞുകഴിഞ്ഞു. ......... (ബഹളം)...........

(പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷ നേതാവിന്റെ ഇരിപ്പിടത്തിനടുത്തു വന്നുനിന്ന് ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്...........

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ പറയട്ടെ...... ഇല്ലില്ല.... അങ്ങനെ പേടിപ്പിക്കുകയൊന്നും വേണ്ട. ഞാൻ എല്ലാവരുടെയും ചോദ്യത്തിന് വഴങ്ങുന്നതാണ്. ആര് ചോദിച്ചാലും, . . . . ഞാൻ ഇരിക്കും. പക്ഷേ ചോദ്യം ചോദിച്ചിട്ട് മറുപടി പറയാൻ സമ്മതിക്കില്ലെങ്കിൽ..... അറുപത് വയസ്സാക്കുന്നത് നയമാണോ എന്ന് ചോദിച്ചത്, ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയും ഞാനും ആവർത്തിച്ചു പറഞ്ഞു. ചെറുപ്പക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ പെൻഷൻ പ്രായം സംബന്ധിച്ച് ഏത് തീരുമാനവുമെടുക്കുകയുള്ളു. ...............(ബഹളം)..... ഇവിടത്തെ ചെറുപ്പക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടേ ഞങ്ങൾ ചെയ്യുകയുള്ളു. ചെറുപ്പക്കാരോട് ഞങ്ങൾ പറഞ്ഞ വാക്ക് പാലിച്ചിട്ടുണ്ട്. അവർക്ക് വിശ്വാസമുണ്ടാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ........(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്.........പ്ലീസ്.... ഒരു മുഖ്യമന്ത്രിയെ സമ്മർദ്ദം ചെലുത്തി മറുപടി പറയിക്കാൻ സാധിക്കില്ല. അദ്ദേഹം പറയട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങനെ ആരെങ്കിലും പേടിപ്പിച്ചാൽ പേടിക്കുന്ന ആളല്ല ഞാൻ. അതൊന്നും വേണ്ട........... ഞാൻ ഇത് എത്ര കണ്ടിരിക്കുന്നു..... അതൊന്നും വേണ്ട...... ഞങ്ങൾ തീരുമാനിക്കും അത്രേയുള്ളു. ഇക്കാര്യത്തിൽ വ്യക്തമായ നിലപാടാണ്. യാതൊരു മാറ്റവുമില്ല.

ചെറുപ്പക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സമീപനം മാത്രമേ സ്വീകരിക്കുകയുള്ളു എന്ന് വ്യക്തമാക്കുന്നു. ഇത് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരാണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

..........(ബഹളം)...........

മി. സ്പീക്കർ: യെസ്....യെസ്... എന്താണിത്? സമര പ്രഖ്യാപനങ്ങളും ആഹ്വാനങ്ങളുമൊക്കെ സഭയ്ക്ക് പുറത്ത്. സഭയ്ക്ക് പുറത്ത് നിങ്ങൾക്ക് എന്തുമാകാം. ഇത് നിയമസഭയാണ് ശ്രീ. രാജേഷ്.... സീറ്റിലേയ്ക്ക് പോകണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇന്നലെ ധനകാര്യ ബില്ലിന്റെ ഡിസ്കഷന് മറുപടി പറഞ്ഞുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ പ്രശ്നങ്ങൾ, ഞാൻ ഒരു അക്കാദമിക് ഡിസ്കഷനുവേണ്ടി പറയുന്നൂവെന്ന് അപ്പോൾ പറഞ്ഞില്ല. അദ്ദേഹം പറയാതിരുന്നതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ചെവിക്ക് അപ്പുറത്തിരിക്കുന്ന അവരുടെ യുവജനസംഘടനക്കാർ പിടിച്ചുകാണും. അതിന്റെ ഫലമായി ഇന്ന് സഭയിലേയ്ക്ക് വന്നപ്പോൾ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറയുകയാണ് ഞാൻ ഇന്നലെ വെറുമൊരു അക്കാദമിക് ഡിസ്കഷനുവേണ്ടി പറഞ്ഞതാണെന്ന്. അങ്ങനെ പറ

ഞ്ഞാൽ നിങ്ങളുടെ ചിന്ത ആ നിലയിലേയ്ക്ക് അല്ല പോകുന്നത് എന്ന് ഇപ്പോൾ മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽനിന്ന് ഞങ്ങൾക്ക് മനസ്സിലായി. ഇൻഡ്യാ രാജ്യത്തെ മൂന്ന് സംസ്ഥാനങ്ങളൊഴികെ ബാക്കി എല്ലാ സംസ്ഥാനങ്ങളിലും പെൻഷന്റെ കാര്യത്തിലും കോൺട്രിബ്യൂട്ടറി പെൻഷന്റെ കാര്യത്തിലും...... . . വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരും തൊഴിൽ ലഭിക്കാൻ അർഹതയുള്ളവരുമായ ആളുകൾ അവിടെ ഇല്ലാത്തതുകൊണ്ടാണോ എന്തോ അവിടെയൊന്നും പെൻഷൻ പ്രായം 55 വയസ്സ് അല്ല, അതിനേക്കാൾ കൂടുതൽ പെൻഷൻ പ്രായമുള്ളതായിട്ടാണ് മുഖ്യമന്ത്രി ഇന്ന് സഭയിൽ മറുപടി പറഞ്ഞിട്ടുള്ളത്. മമതാ ബാനർജിയുടെ ഗവൺമെന്റ് വന്നശേഷം ബംഗാളിലും മാറ്റം വരുത്തിക്കാണും. അതിൽ നിങ്ങൾക്ക് സന്തോഷിക്കാം. നിങ്ങളുടെ കൂട്ടരായി അവർ വന്നിട്ടുണ്ട്. ഇൻഡ്യാ രാജ്യത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് അധികാരത്തിലിരുന്ന മൂന്ന് സംസ്ഥാനങ്ങളിലൊഴികെ എല്ലായിടത്തും പെൻഷൻ പ്രായത്തിന്റെ കാര്യത്തിൽ വ്യത്യാസം നിലനിൽക്കുകയാണ്. ലോകത്താകെ സാമ്പത്തിക മാന്ദ്യം ബാധിച്ചപ്പോൾ, ശ്രീ. ഒബാമായുടെ അമേരിക്കയിൽ അത് ഏറ്റവും രൂക്ഷമായ നിലയിലായപ്പോൾ, തൊഴിലെടുക്കുന്നവന്റെ പിച്ചചട്ടിയിൽ കയ്യിടുക എന്നുള്ള നയം അവർ കണ്ടുപിടിച്ചതാണ്. തൊഴിലെടുക്കുന്നവന്റെ, പണിയെടുക്കുന്നവന്റെ പിച്ചചട്ടിയിൽ കയ്യിട്ടുവാരി സമ്പന്നന്മാരെ സഹായിക്കുക എന്നതാണ് ശ്രീ. ഒബാമയടക്കമുള്ള കുത്തക മുതലാളിമാർ ഭരിക്കുന്ന സാമ്രാജ്യത്വ

രാജ്യങ്ങളിലും അതിനോട് സമാനമായി നിൽക്കുന്ന രാജ്യങ്ങളിലും ചെയ്തുകൊണ്ടിരിക്കുന്നത്. നവലിബറൽ നയം എന്നുപറയുന്നത് അതാണ്. മൻമോഹൻസിംഗിന്റെ ഗവൺമെന്റ് ഇന്ത്യാ രാജ്യത്ത് നടപ്പിലാക്കാൻ പോകുന്ന നയമാണതെന്ന് മനസ്സിലാക്കിയപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. വക്കം പുരോഷോത്തമനും ഭരിക്കുന്ന കാലത്തുതന്നെ ഇത് നടപ്പിലാക്കാൻ ശ്രമിച്ചു. അതുകഴിഞ്ഞ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇത് മാറ്റിക്കൊണ്ടുള്ള ഒരു നിലപാട് സ്വീകരിച്ചു. വീണ്ടും നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ആ നയം കൊണ്ടുവന്നു എന്നേയുള്ളൂ. ശ്രീ. മാണിയുടെ യുവജന ഫ്രണ്ട് എന്നൊക്കെ പറഞ്ഞിട്ട് കാര്യമില്ല. ചെവിക്ക് പിടിക്കാൻ പോലും കൈ പൊങ്ങാത്ത ഒരു സംഘടനയാണത്. പക്ഷേ കോൺഗ്രസ്സിന്റെ യുവജന വിഭാഗം അതല്ല. അവർ നല്ലതുപോലെ ചെവിക്ക് പിടിച്ച് മുറുക്കി കാണും. ഇവിടെ രണ്ട് മൂന്ന് സബ്മിഷൻസ് വന്നിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞത് അതുകൊണ്ടാണല്ലോ. സബ്മിഷന് മുമ്പല്ലേ അടിയന്തര പ്രമേയം അവതരിപ്പിക്കുന്നത്? അതുകൊണ്ടല്ലേ അങ്ങ് അടിയന്തരപ്രമേയത്തിന് പരിഗണന നൽകിയത്? അതുകഴിഞ്ഞാൽ സ്വാഭാവികമായി സബ്മിഷൻസ് വരും. അങ്ങ് നേരത്തെ ഇപ്രകാരം പറഞ്ഞുവെങ്കിലും രണ്ടിനുമുള്ള പ്രയോറിറ്റി മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് അതനുസരിച്ചുള്ള നടപടി സ്വീകരിച്ചത്. പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തുന്നതിനും കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കുന്നതിനും തീരുമാനിച്ചി

രിക്കുന്നുവെന്നുള്ള ഗവൺമെന്റിന്റെ ഇന്നലത്തെ പ്രഖ്യാപനം നടപ്പിലാക്കാൻ പോകുകയാണെന്നുള്ളത് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ ഇപ്പുറത്തും അപ്പുറത്തുമുള്ള യുവാക്കന്മാർ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുകയാണ്. അത് ഇവിടെ നടപ്പിലാക്കുക എന്നത് എളുപ്പമല്ലായെന്ന് നിങ്ങൾ മനസ്സിലാക്കിക്കൊണ്ട് അതിൽ നിന്ന് പിൻതിരിയുകയാണ് വേണ്ടതെന്ന് ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അനുയായികളോടും പറയുകയാണ്. കേരളത്തിൽ ശാന്തമായി കഴിയുന്ന അന്തരീക്ഷം, ഇടയ്ക്കിടയ്ക്ക് മാത്രം ചില സമരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ അന്തരീക്ഷത്തെ നിരന്തരമായ ഒരു സമരത്തിലേയ്ക്ക് തള്ളിവിടുന്ന ബുദ്ധിശൂന്യമായ നിലപാടിലേയ്ക്ക് നിങ്ങൾ പോകരുതെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ സൂചനയാണ് ശ്രീ. മാണിയെക്കൊണ്ട് പറയിപ്പിച്ചശേഷം അതിനെ പിന്താങ്ങിക്കൊണ്ട് ഇപ്പോൾ മുഖ്യമന്ത്രിയും പറഞ്ഞിരിക്കുന്നത്. കേരളത്തിലെ നാൽപ്പത്തിയഞ്ച് ലക്ഷത്തോളം വരുന്ന, തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന യുവതീയുവാക്കളെ എല്ലാം സമരത്തിലേയ്ക്ക് തള്ളിവിടാനോ അല്ലെങ്കിൽ ആത്മഹത്യയിലേയ്ക്ക് തള്ളിവിടാനോ ഇടയാകത്തക്ക തരത്തിലുള്ള ബുദ്ധികെട്ട നിലപാട് നിങ്ങൾ സ്വീകരിക്കരുത്. വളരെയധികം ആലോചിച്ചശേഷം മാത്രമേ തീരുമാനം എടുക്കാവൂ. മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ഇതുസംബന്ധിച്ചുള്ള വിശദീകരണം വളരെ തെറ്റിദ്ധാരണാജനകമായതുകൊണ്ട് ഞങ്ങൾക്ക് പ്രതിഷേധിക്കാതിരിക്കാൻ

സാധിക്കില്ല. അതുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഈ ഗവൺമെന്റിന്റെ നയത്തെ, ഇന്നലത്തെ........

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇടതുപക്ഷ ഗവൺമെന്റ് പശ്ചിമ ബംഗാളിൽ പെൻഷൻ പ്രായം കൂട്ടിയിട്ടുണ്ടോയെന്നുള്ളത് വ്യക്തമായി പറയണം.

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: സർ, മുഖ്യമന്ത്രിയുടെ ആദ്യത്തെ വിശദീകരണം തന്നെ പശ്ചിമ ബംഗാളും കേരളവും ത്രിപുരയും ഒഴികെ എന്ന് പറഞ്ഞുകൊണ്ടാണ്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ സംശയത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞ് കഴിഞ്ഞിരിക്കുകയാണ്. ആയതിനാൽ എനിക്ക് അതുസംബന്ധിച്ച് മറുപടി പറയേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട മാണിയും അത് സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കേണ്ട ആവശ്യമില്ലായെന്നാണ് എനിക്ക് അറിയിക്കുവാനുള്ളത്. ഒരു യുവജന സംഘടനയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. കേരളത്തിലെ യുവജനങ്ങളെ സംബന്ധിച്ച് അപ്പുറത്ത് ഇരിക്കുന്ന യുവാക്കളുടെ പ്രതിനിധികളായി വരാൻ പോകുന്നവരും സബ്മിഷൻ ഉന്നയിക്കുന്നവരും നടത്തുന്ന പ്രസംഗം ശ്രീ. ആര്യാടൻ മുഹമ്മദ് ഉൾപ്പെടെയുള്ളവർ കേൾക്കണം. അതിനെക്കുറിച്ചൊന്നും ഞങ്ങൾക്ക് പറയുവാനില്ല.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ത്രിപുരയിലേയും പശ്ചിമബംഗാളിലേയും പെൻഷൻ പ്രായം 60 വയസ്സാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, നിങ്ങളുടെതന്നെ അനുയായിക ൾ പ്രസംഗിക്കുന്നത് കേട്ടശേഷം എന്തുവേണമെന്ന് നിശ്ചയിച്ചാൽ മതി. ഞങ്ങൾ പറയുന്നതുകൊണ്ടുമാത്രം നിങ്ങളുടെ നിലപാട് മാറ്റണ്ട.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, സബ്മിഷന്റെ കാര്യം ഞാൻ ഇവിടെ പരാമർശിച്ചതാണ്. സബ്മിഷൻസ് അനുവദിച്ചിട്ടില്ല. അടിയന്തരപ്രമേയം മാത്രമേ ചർച്ചയിലുള്ളൂ. ഞാൻ പറഞ്ഞത് രണ്ട് സബ്മിഷൻസ് നേരത്തെ വന്നു, പക്ഷേ അടിയന്തപ്രമേയം ഉള്ളതുകൊണ്ട് അതിന്റെ പ്രാധാന്യം നൽകി അനുവദിക്കുന്നു എന്നാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, അങ്ങ് രണ്ടാമത് അനുവാദം നൽകുമെന്ന് പ്രതീക്ഷിച്ചാണ് ഞാൻ അങ്ങനെ പറഞ്ഞത്. ഞാനത് സബഹുമാനം പിൻവലിക്കുന്നു. അടിയന്തര പ്രമേയത്തിനാണ് അങ്ങ് പ്രാധാന്യം നൽകിയത്. അത് നല്ലതുതന്നെ. ഞാൻ പറയുന്നത് അടിയന്തരപ്രമേയത്തിന്റെ അന്തസത്ത മനസ്സിലാക്കിക്കൊണ്ട് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇന്നലെ പറഞ്ഞ കാര്യങ്ങളിൽ പറ്റിപ്പോയ തെറ്റ്, 'അക്കാഡമിക്' എന്ന സംസ്കൃതം പറഞ്ഞ് രക്ഷപ്പെടാൻ നോക്കാതെ ഇന്നലെ ഞാൻ പറഞ്ഞത് ഞങ്ങളുടെ യുവജനപ്രസ്ഥാനവുമായി ആലോചിക്കാതെ പറഞ്ഞുപോയ ഒരു തെറ്റാണ്, അതിൽ മാപ്പ് ചോദിക്കുന്നു എന്ന് പറഞ്ഞില്ലെങ്കിലും തരക്കേടില്ല, അങ്ങനെ പറ്റിപ്പോയതാണെന്ന് പറയാൻ അങ്ങ് തയ്യാറായില്ല, അത് പോട്ടെ. ഏതായാലും ധനകാര്യ വകുപ്പുമന്ത്രിയുടെ വ്യാഖ്യാനത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യായീക

രിച്ചുകൊണ്ട് ഘോരഘോരം സംസാരിക്കുകയാണ് ചെയ്തത്. അതൊന്നും ഞങ്ങൾക്ക് ബോധ്യമായിട്ടില്ല. അതുകൊണ്ട് നിങ്ങളുടെ സമീപനമെന്താണ്, ആദ്യം ഒരു അഭിപ്രായം പറയുക, അതിനുശേഷം വേറൊന്ന് പറയുക, ഈ നിലയിൽ മാറി മാറി ഉരുണ്ടുകളിക്കുന്നതു ശരിയല്ല. എന്തോ ചിലത് ചീഞ്ഞ് നാറുന്നുണ്ട്.

ശ്രീ. കെ. എം. മാണി: സർ, ഇടതുപക്ഷ ഗവൺമെന്റാണ് പശ്ചിമബംഗാളിലും ത്രിപുരയിലും പെൻഷൻ പ്രായം ഉയർത്തിയതെന്നാണ് ഞാൻ പറയുന്നത്. അക്കാര്യം നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പശ്ചിബംഗാളിലെ മമതയുടെ ഇപ്പോഴത്തെ സമീപനത്തെ ന്യായീകരിക്കാൻ നിങ്ങൾ നോക്കണ്ട. പശ്ചിമ ബംഗാളിൽ ഇടതുപക്ഷം ഭരിച്ചുകൊണ്ടിരുന്ന അവസരത്തിലും ത്രിപുരയിൽ ഇടതുപക്ഷം ഇപ്പോൾ ഭരിക്കുന്ന അവസരത്തിലും കേരളത്തിലും മാത്രമാണ് പെൻഷൻ പ്രായത്തിന്റെ കാര്യത്തിൽ 55 വയസ്സും അതുപോലെതന്നെ കോൺട്രിബ്യൂട്ടറി പെൻഷൻ ഉപേക്ഷിച്ചുകൊണ്ട് ശരിക്കുള്ള പെൻഷനും നടപ്പിലാക്കിയിട്ടുള്ളത്. ആ നിലയ്ക്ക് വിവാദത്തിൽ ഏർപ്പെടാതെ കേരളത്തിൽ തുടർന്ന് കോൺട്രിബ്യൂട്ടറി പെൻഷൻ കൊണ്ടുവരുമോയെന്നും 60 വയസ്സിലേയ്ക്ക് ചാടുമോയെന്നുമുള്ള കാര്യങ്ങളാണ് അറിയേണ്ടത്. അതുസംബന്ധിച്ചുള്ള നിങ്ങളുടെ വിശദീകരണങ്ങളോ ഉരുണ്ടുകളികളോ ഞങ്ങൾ കാര്യമായി അംഗീകരിക്കുന്നില്ല.

നിങ്ങൾ എപ്പോഴാണോ അത് കൊണ്ടുവരാൻ ശ്രമിക്കുന്നത് അപ്പോൾ നിങ്ങൾക്ക് കേരളത്തിലെ യുവജനങ്ങളുടെ ശബ്ദം, ശക്തി മനസ്സിലാക്കാൻ കഴിയുമെന്ന് മാത്രം പറഞ്ഞുകൊണ്ടും നിങ്ങളുടെ ഈ സമീപനത്തോടുള്ള ഞങ്ങളുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തികൊണ്ടും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇന്നലെ നിയമസഭയിൽ നടത്തിയത് വളരെ നിർഭാഗ്യകരമായ പ്രസ്താവനയാണ്. ആ പ്രസ്താവന പിൻവലിക്കുന്നതിനുപകരം, ആ തെറ്റ് തിരുത്തുന്നതിനുപകരം ഇന്നും അതുതന്നെ പരിഗണിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ള അർത്ഥത്തിലാണ് അദ്ദേഹം മറുപടി പറയുന്നത്. ഇന്നലത്തെ പ്രസ്താവന പിൻവലിക്കുകയാണെങ്കിൽ............

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട സി. ദിവാകരൻ ഇങ്ങനെ പറയരുത്. ഇതുസംബന്ധിച്ച് ഒരു തീരുമാനം ഉണ്ടായിട്ടില്ല, ക്യാബിനറ്റാണ് അത് തീരുമാനിക്കേണ്ടത് എന്നാണ് ഇന്നലെ ഞാൻ നിയമസഭയിൽ പറഞ്ഞത്. അതിനുശേഷവും ഇടതുപക്ഷ യുവജനസംഘടനകൾ എന്റെ കോലം കത്തിക്കുകയും ഞാൻ അങ്ങനെ പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് പ്രസ്താവനയിറക്കുകയും ചെയ്തത് എന്റെ കുഴപ്പമാണോ? പറയാത്ത കാര്യം പറഞ്ഞുവെന്ന് ഈ നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ?

ശ്രീ. സി. ദിവാകരൻ: സർ, ഇക്കാര്യം മന്ത്രിസഭയുടെ പരിശോധനയിലാണെന്ന് അദ്ദേഹം തന്നെയാണ് ഇന്നലെ പരസ്യപ്രസ്താവന നടത്തിയത്. ഇതുസംബന്ധിച്ച് ഒരു രേഖ കൊടുക്കാതെ മന്ത്രിസഭ എങ്ങനെയാണ് ഇത് പരിശോധിക്കുന്നത്. ഇക്കാര്യം മന്ത്രിസഭ പരിശോധിക്കുന്നുവെന്നുള്ളത് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചും കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചും ഈ ഗവൺമെന്റ് ഗൗവര മായി ആലോചിക്കുകയാണെന്നും തീരുമാനമെടുക്കാൻ പോവുകയാണെ ന്നുമാണ് ഇതിൽ നിന്നും ഞങ്ങൾ മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് ഈ വിഷയം ഒരു അടിയന്തരപ്രമേയമായി ഇവിടെ കൊണ്ടുവന്നത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യവകു പ്പുമന്ത്രിയും ഇങ്ങനെ രണ്ട് കാര്യങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല എന്നത് അവർ ഇപ്പോഴും നിഷേധിക്കുന്നില്ല. ഈ കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് നടപ്പിലാക്കുന്നതിന്റെ ഫലമായി ചെലവ് ചുരുക്കലുമായി അതിന് ബന്ധമില്ലായെന്ന് ഇവിടെ ബഹുമാന പ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ആ പ്രസ്താവന വസ്തുതകൾക്ക് നിരക്കാത്ത താണ്. അദ്ദേഹം അത് ശ്രദ്ധിക്കുന്നില്ല. കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് നടപ്പിലാക്കുന്നതിലൂടെ ഗവൺമെന്റിന് സാമ്പത്തിക ലാഭമില്ലാ യെന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. കാരണം അദ്ദേഹത്തിന്റെ കണക്കിൽത്തന്നെ പറഞ്ഞത്, സർവ്വീസിൽ ഇരിക്കുന്നവരെക്കാൾ കൂടുത ൽ ആളുകളാണ് പെൻഷൻ പറ്റി പിരിയുന്നത് എന്നാണ്. അതിന്റെ അർത്ഥം സാമ്പത്തിക ബാദ്ധ്യത കുറയ്ക്കാൻവേണ്ടി കോൺട്രിബ്യൂട്ടറി പെൻഷൻ സംവിധാനം നടപ്പിലാക്കാൻ പോവുകയാണെന്ന് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലാണ് അദ്ദേഹം ഈ പ്രസ്താവന നടത്തിയ ത്. രണ്ടാമത്തെ കാര്യം, യുവജനങ്ങളെ സംബന്ധിച്ച് പറയുകയാണെ

ങ്കിൽ അവരുടെ അസ്വസ്ഥത നിയമസഭയിൽ പ്രകടിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രോഷാകുലനായി. അങ്ങ് ഒരിക്കലും രോഷാകുലനാകുന്നത് ഞങ്ങൾ കണ്ടിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്ത ഒരു തീരുമാനം പുറത്തായതിന്റെ ഫലമായി ഉണ്ടായിട്ടുള്ള ഒരു രോഷപ്രകടനമാണ് അദ്ദേഹം ഇവിടെ പ്രകടിപ്പിച്ചത് എന്നാണ് അതിൽ നിന്നും മനസ്സിലാക്കേണ്ടത്. ദീർഘനാളുകളായി കേരളത്തിലെ എല്ലാ ഗവൺമെന്റുകളെയും അലട്ടുന്ന ഒരു പ്രശ്നമാണിത്. അങ്ങയുടെ ഗവൺമെന്റ് ഉൾപ്പെടുന്ന കേരളത്തിലെ എല്ലാ ഗവൺമെന്റുകളും യുവജനങ്ങളുടെ പ്രശ്നങ്ങൾക്ക് അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ ഈ ഗവൺമെന്റ് അതിൽനിന്നും വ്യത്യസ്തമായ ഒരു സമീപനമെടുക്കാനുള്ള കാരണമെന്താണെന്ന് അറിയില്ല. ഈ സംവിധാനം നിലവിൽവന്നാൽ യുവജനങ്ങൾക്ക് തൊഴിൽ കിട്ടാനുള്ള സാധ്യതയുണ്ടോ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുള്ള സംസ്ഥാനം കേരളമാണെന്നാണ് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കണക്കുകളും സർവ്വേകളും പുറത്തുകൊണ്ടുവന്നിരിക്കുന്നത്. കേരളത്തെ എങ്ങനെയാണ് ബീഹാറുമായും ആന്ധ്രാപ്രദേശുമായും കമ്പയർ ചെയ്യുന്നത്? ഇന്ത്യാമഹാരാജ്യത്തിൽ ഏേറ്റവും കൂടുതൽ വിവരമുള്ളവരും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുള്ളതും ഏറ്റവും കൂടുതൽ തൊഴിലില്ലായ്മയുള്ളതും കേരളത്തിലാണെന്നാണ് പറയുന്നത്. ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ അനുഭവപ്പെടുന്നവർ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നത്

ഇവിടെയാണ്. അങ്ങനെയുള്ള കേരളത്തിന് പ്രത്യേകം പരിഗണനയും സാമൂഹ്യനീതിയും ലഭിക്കുന്നതിനുവേണ്ടിയാണ് ഇവിടെ യുവജനങ്ങൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന നടപടിയെ എതിർക്കുന്നത്. താത്വിക മായും ആശയപരമായും കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ ഇത് ഒരിക്കലും നടപ്പിലാക്കാൻ കഴിയാത്തതാണ്. യുവജനങ്ങളെ വിശ്വാസ ത്തിലെടുക്കുമെന്ന് പറയുമ്പോൾ, ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെ യുള്ള യുവജനസംഘടനകളെ വിശ്വാസത്തിലെടുത്ത് ഇത് നടപ്പിലാക്കാ മെന്നാണ് മുഖ്യമന്ത്രി പറയുന്നത്. യുവജനങ്ങളെന്ന് പറഞ്ഞാൽ നിങ്ങൾ മാത്രമാണോ; നിങ്ങൾ അതിൽ കമ്മിറ്റഡ് ആണോ; നിങ്ങൾ ഗവൺമെന്റിനെ ഉപദേശിക്കുന്നുണ്ടോ? ഇന്നലെ കെ.പി.സി.സി. യോഗം ചേർന്നപ്പോൾ അതിരൂക്ഷമായ ഈ സാമൂഹ്യപ്രശ്നം ഉന്നയിച്ച് അദ്ദേ ഹത്തെ ബോധ്യപ്പെടുത്തണ്ടേ? അദ്ദേഹം യൂത്ത് കഴിഞ്ഞ് വന്ന ആളല്ലേ? എല്ലാവർക്കും എം.എൽ.എ.-മാരും മന്ത്രിമാരുമാകാൻ കഴിയുമോ? നമ്മുടെ രാജ്യത്തെ യുവജനങ്ങൾ നിങ്ങളെ തെരഞ്ഞെടുത്തപ്പോൾ കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ യുവജനങ്ങളും അവരുടെ താൽപ്പര്യ ങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ്. തീർച്ചയായും ശ്രീ. പി. സി. വിഷ്ണുനാഥിനെപ്പോലെയുള്ള ആളുകൾ ഒരുപാട് അനുഭവിച്ചവരാണ്. നിങ്ങൾ ഇതിന് കീഴടങ്ങുമെന്ന് വിശ്വസിക്കുന്നില്ല. ഞങ്ങളുടെ പ്രതിഷേധത്തിനെതിരെ, ഞങ്ങളുടെ വാക്കൗട്ടിനെതിരെ പ്രതിഷേധിക്കുക യല്ല നിങ്ങൾ ചെയ്യേണ്ടത്. ഞങ്ങൾക്ക് നിങ്ങളുടെ പരിമിതിയറിയാം.

ധാർമ്മികമായും ആശയപരമായും സാമൂഹ്യപരമായും ഞങ്ങളെ പിന്തുണയ്ക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. ഇത് പ്രതിപക്ഷത്തിന്റെ ആവശ്യമല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. പെൻഷൻ പ്രായം ഉയർത്തേണ്ടതിന്റേയും കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് നട പ്പിലാക്കേണ്ടതിന്റേയും ആവശ്യമില്ല. ഇത് നടപ്പിലാക്കി കേരളത്തിൽ രൂക്ഷമായ പ്രക്ഷോഭണം നടത്താനാണ് നിങ്ങൾ ആലോചിക്കുന്നതെങ്കിൽ തീർച്ചയായും അതിന് വലിയ വിലകൊടുക്കേണ്ടിവരും. ഗുരുതരമായ ഈ പ്രശ്നം ചർച്ച ചെയ്യാൻ സമ്മതിക്കാത്ത ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി, അങ്ങ് ഇന്നലെ പറഞ്ഞതുപോലെ അക്കാഡമിക്കായി ഇന്ന് സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാമോ? അക്കാഡമിക്കലാണല്ലോ?

<u>ശ്രീ. കെ. എം. മാണി</u>: സർ, ചർച്ച ചെയ്യാമായിരുന്നു. ഞാൻ പറയാത്ത ഒരു കാര്യം പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് ഒരു കോലാഹലമുണ്ടാക്കാനാണ് ഇന്നത്തെ അടിയന്തരപ്രമേയത്തിലൂടെ നിങ്ങൾ ശ്രമിക്കുന്നത്. കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കുമെന്ന് ഞങ്ങളാരും പറഞ്ഞിട്ടുമില്ല അങ്ങനെയൊരു തീരുമാനവുമില്ല. അതിന് വിപരീതമായി നിങ്ങൾ ഇന്നലെ പ്രസ്താവന ഇറക്കി, കോലം കത്തിച്ച പ്പോൾ ഞങ്ങളുടെ നിലപാട് അതല്ലെന്നു പറഞ്ഞുകൊണ്ട് ഞാൻ ഒരു പത്രപ്രസ്താവന നടത്തിയിട്ടും വീണ്ടും അടിയന്തരപ്രമേയം കൊണ്ടുവ ന്നിരിക്കുകയാണ്. നിങ്ങൾക്ക് ഒരു സമരമുണ്ടാക്കണം; അതൊന്നും

ഇവിടെ ചെലവാകില്ല. വളരെ വ്യക്തമായ ഒരു നിലപാടാണ് ഈ ഗവൺമെന്റിനുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. കെ. എം. മാണി മന്ത്രിയെന്നുള്ള നിലയിലാണ് മറുപടി പറയേണ്ടത്. ഇതൊന്നും ഇവിടെ ചെലവാകില്ലെന്ന് ജനാധിപത്യസമ്പ്രദായത്തിൽ അങ്ങനെ ഭീഷണിയൊന്നും മുഴക്കാൻ പാടില്ല. നിങ്ങൾക്ക് നിർബന്ധമാണെങ്കിൽ ഞങ്ങൾ അത് ചെലവാക്കിത്തരാം. കോലം കത്തിക്കൽ ഒരു പുതിയ കാര്യമാണോ? നിങ്ങളുടെ യൂത്ത് സംഘടനകൾ കോലം കത്തിച്ചിട്ടില്ലേ?. ഞാൻ അങ്ങയോട് ന്യായമായ ഒരു കാര്യം ചോദിച്ചപ്പോൾ അതെല്ലാം അക്കാഡമിക്കൽ ഡിസ്കഷനാണെന്ന് അങ്ങ് പറഞ്ഞു. ഞങ്ങൾ അത് സ്വാഗതം ചെയ്യുന്നു. ഇക്കാര്യം നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യണം. ഇന്നലെ നിയമസഭയിൽ ശ്രീ. കെ. എം. മാണി പറഞ്ഞ കാര്യം എല്ലാവരും കേട്ടതാണ്. ഇന്ന് അദ്ദേഹം അതിൽ വെള്ളം ചേർത്തു. അത്രയെങ്കിലും ചെയ്തല്ലോ? പരിപൂർണ്ണമായി, നിരുപാധികമായി ഈ നിർദ്ദേശം പിൻവലിക്കണം. കക്ഷിരാഷ്ട്രീയത്തിനതീതമായി, യുവജനങ്ങളുടെ ചങ്കിൽ ചോരയുണ്ടെങ്കിൽ ഇത് നടപ്പിലാക്കാൻ അവർ അനുവദിക്കുകയില്ല, നടപ്പിലാക്കാൻ സാധ്യവുമല്ല. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. സി. കെ. നാണു</u>: സർ, ഗൗരവമായ ഈ പ്രശ്നം സഭയിൽ ചർച്ച ചെയ്യാൻ അനുവദിക്കാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. എ. എ. അസീസ്</u>: സർ, കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ഏതാനും വർഷങ്ങൾക്കുമുമ്പുതന്നെ നമ്മുടെ രാജ്യത്ത് നടപ്പാക്കാൻ തുടക്കമിട്ടതാണ്. കേരള ഗവൺമെന്റിന്റെയും പശ്ചിമ ബംഗാൾ ഗവൺമെന്റിന്റെയും ത്രിപുര ഗവൺമെന്റിന്റെയും കാര്യം ഇവിടെ പറഞ്ഞു. ജീവനക്കാരുടെ പൗരാവകാശമെന്നുള്ള നിലയിൽ അവർക്ക് അവകാശപ്പെട്ട ഒന്നാണ് ജീവിച്ചിരിക്കുന്ന കാലമത്രയും അവരെ സംരക്ഷിക്കുക എന്നുള്ളത്. യഥാർത്ഥത്തിൽ ഇവർ രാജ്യസേവനം നടത്തുന്നുവെന്നാണ് പരമോന്നത നീതിപീഠമായ സുപ്രീം കോടതി പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് അവർ ജീവിച്ചിരിക്കുന്ന കാലമത്രയും അവരുടെ കുടുംബാംഗങ്ങളെ ഉൾപ്പെടെ സംരക്ഷിക്കുവാനുള്ള ബാദ്ധ്യത ഭരണാധികാരികൾക്കുണ്ട് എന്ന സങ്കൽപ്പത്തിലാണ് പെൻഷനാകുന്ന ഒരു ജീവനക്കാരന് പെൻഷൻ പദ്ധതി യാഥാർത്ഥ്യമാക്കിയത്. അങ്ങനെ യാഥാർത്ഥ്യമാക്കിയ പെൻഷനാണ് ഇവിടെ സൂചിപ്പിച്ചതുപോലെ ജീവനക്കാരുടെ പങ്കാളിത്തത്തോടുകൂടിയുള്ള കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയാക്കി നടപ്പിലാക്കാൻ തുടക്കമിട്ടിരിക്കുന്നത്. ആ പദ്ധതി നടപ്പിലാക്കാൻ പാടില്ലെന്നും ആ പദ്ധതി സ്വീകാര്യമല്ലെന്നുള്ളതുകൊണ്ടുമാണ് കേരളത്തിൽ അത് നടപ്പിലാക്കാതിരുന്നത്. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ കേരളം മറ്റു സംസ്ഥാനങ്ങളെപ്പോലെയല്ല. തൊഴിലില്ലായ്മ രൂക്ഷമായ ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിലെ യുവാക്കളെ സംബന്ധിച്ചിടത്തോളം അവർ

അന്യസംസ്ഥാനങ്ങളിൽ പോയി ജോലിചെയ്യാനാണ് താൽപ്പര്യം കാണിക്കുന്നത്. കേരളത്തിലെ ചെറുപ്പക്കാർ അധികവും ഇവിടത്തെ മറ്റുജോലികൾ ചെയ്യാത്തവരാണ്. അവർ സർക്കാർ സർവ്വീസിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി കിട്ടണമെന്ന് ആഗ്രഹിക്കുന്നവരാണ്. അതുകൊണ്ടുതന്നെയാണ് യുവജനസംഘടനകൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെ അന്നുമുതൽ എതിർക്കുന്നത്. യഥാർത്ഥത്തിൽ യുവജന സംഘടനയെ................

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇത് പറയുമ്പോൾ പരമാവധി ഒരു വർഷം 25,000 യുവാക്കൾക്കാണ് സർക്കാർ ജോലി കിട്ടുന്നതെന്ന് മനസ്സിലാക്കണം. ലക്ഷക്കണക്കിന് യുവാക്കൾ ഓരോ വർഷവും വിദ്യാഭ്യാസം കഴിഞ്ഞ് തൊഴിൽരഹിതരായി പുറത്തുവരുന്നുണ്ട്. അവർക്കുവേണ്ടി മുടക്കാനായിട്ടുള്ള സാമ്പത്തികശേഷി ഗവൺമെന്റിനില്ലെങ്കിൽ ബാക്കിയുള്ളവരുടെ കാര്യം എങ്ങനെയാണ്? അങ്ങയുടെ പാർട്ടിക്ക് പങ്കാളിത്തമുള്ള പശ്ചിമബംഗാളിൽ ഇത് പരിഗണിച്ചല്ലേ ഗവൺമെന്റ് 58 വയസ്സും നിങ്ങൾക്ക് പ്രാതിനിധ്യമുള്ള ത്രിപുരയിൽ 60 വയസ്സുമാക്കിയത്? പിന്നെ കേരളം അതിൽ നിന്നും വ്യത്യസ്തമായ എന്ത് നിലപാട് സ്വീകരിക്കണമെന്നാണ് പറയുന്നത്?

ശ്രീ. എ.എ. അസീസ് : ബംഗാളും കേരളവുമായി വ്യത്യസ്ത സമീപനമാണ്. കേരളത്തിൽ വന്ന് ഇപ്പോൾ പണിയെടുക്കുന്നവരിൽ

അധികവും ബംഗാളികളായിട്ടുള്ള ആളുകളാണ്. കേരളത്തിലെ പ്രത്യേക സാമൂഹിക -സാംസ്ക്കാരിക-രാഷ്ട്രീയ സാഹചര്യം അതല്ല. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഇവിടത്തെ ചെറുപ്പക്കാരെ സംബന്ധിച്ചിട ത്തോളം അതല്ല ആഗ്രഹിക്കുന്നത്. യഥാർത്ഥത്തിൽ തൊഴിലില്ലായ്മ ഇവിടെ അതിരൂക്ഷമായിട്ടുണ്ട്. ബംഗാളിലെ ചെറുപ്പക്കാർ കേരളത്തിൽ വന്ന് ജോലി ചെയ്യുന്നവരാണ്. കേരളത്തിലെ ചെറുപ്പക്കാർ അന്യരാജ്യങ്ങ ളിൽ പോയി പണിയെടുക്കുന്നവരാണ്. അതാണ് വ്യത്യാസം. അപ്പോൾ കേരളത്തിലെ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഇവിടെത്തന്നെ തൊഴിൽ കിട്ടണമെന്ന് ആഗ്രഹിക്കുന്നവരാണ്. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ ചെറുപ്പക്കാരുടെ സംഘടനകൾ അതിശക്തമായ പ്രക്ഷോഭ ണവുമായിട്ട് രംഗത്ത് വരുന്നത്. ഇവിടെ എൽ.ഡി.എഫ്. ഗവൺമെന്റായി രുന്നാലും യു.ഡി.എഫ്. ഗവൺമെന്റായിരുന്നാലും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് യുവജനസംഘടനകളുടെ സമവായ ത്തോടുകൂടിയല്ലാതെ ഒരു തീരുമാനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായാൽ അതിശക്തമായ പ്രക്ഷോഭണത്തെ നേരിടേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെ ഒന്ന് ചെയ്യണം. അത് കൂട്ടാക്കാത്ത, അക്കാര്യം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേ ധിച്ചാണ് ഞങ്ങൾ വാക്ക്ഔട്ട് നടത്താൻ തയ്യാറായത്. ഈ വാക്കൗട്ടിൽ ഞാനും എന്റെ കക്ഷിയും പങ്കെടുക്കുന്നു.

(ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാർ വളരെയേറെ ഉത്കണ്ഠയോടുകൂടിയാണ് ഇന്നത്തെ പത്രം വായിച്ചത്. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞ കാര്യം ഞങ്ങൾ കേട്ടില്ല. പക്ഷേ ജനങ്ങൾ കേട്ടതാണ്. പടിപടിയായി ഈ പെൻഷൻപ്രായവും കോൺട്രിബ്യൂട്ടറി പെൻഷനും ഒരുമിച്ച് നടപ്പിലാക്കുന്ന ഒരു പാക്കേജ് ഗവൺമെന്റിന്റെ മനസ്സിലുണ്ട് എന്നാണ് ജനങ്ങൾ കേട്ടത്. ആ വിഷയം വളരെ ഗൗരവത്തിൽ ചർച്ചചെയ്യേണ്ട കാര്യമാണെന്നാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. മുഖ്യമന്ത്രി മാത്രമല്ല ഇവിടെ ഇന്ന് ഭരണപക്ഷത്തെ യുവജനസംഘടനയുടെ നേതാവ് ശ്രീ. പി. സി. വിഷ്ണുനാഥ് ആ പ്രശ്നം ഇവിടെ ചർച്ച ചെയ്യാൻ സബ്മിഷനിലൂടെ ശ്രമിച്ചതാണ്. എന്തുകൊണ്ടാണ് അദ്ദേഹത്തിന് അങ്ങനെ ശ്രമിക്കേണ്ടിവന്നത്? ഗവൺമെന്റ് എന്തോ കള്ളക്കളി ഈ കാര്യത്തിൽ നടത്തുന്നുണ്ടെന്ന് അദ്ദേഹത്തിനുപോലും സംശയം ഉള്ളതുകൊണ്ടാണ്. അല്ലെങ്കിൽ അദ്ദേഹം അങ്ങനെയൊന്ന് കൊണ്ടുവരേണ്ട കാര്യമില്ലല്ലോ? ഞങ്ങൾ എന്താണ് പറഞ്ഞത്? ഗൗരവമുള്ള ഒരു പ്രശ്നമാണിത്. ഈ പ്രശ്നം സഭ നിറുത്തിവച്ച് ഗൗരവത്തിൽ ചർച്ചചെയ്യണമെന്നാണ്. ഗവൺമെന്റ് പറഞ്ഞത് എന്താണ്? ഒരു ഡിബേറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്നാണ്. ഗവൺമെന്റ് അങ്ങനെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഗവൺമെന്റിന് ഒരു ഇന്റൻഷൻ ഉണ്ടെന്നാണ് അതിന്റെ അർത്ഥം. ആ ഇന്റൻഷൻ എന്താണെന്നാണ് ഞങ്ങൾ ചോദിച്ചത്? ആ ഇന്റൻഷൻ കോൺട്രിബ്യൂട്ടറി

പെൻഷനും പെൻഷൻപ്രായം വർദ്ധിപ്പിക്കുന്ന കാര്യവും പരിഗണിച്ച് നടപ്പിലാക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുവെന്നാണ്. നേരത്തെ നൽകിയ വാഗ്ദാനങ്ങൾ ലംഘിച്ചതുകൊണ്ടാണ് ഗവൺമെന്റിന്റെ ആ ആഗ്രഹത്തെ ഞങ്ങൾ ചോദ്യം ചെയ്യുന്നത്. യുവജനസംഘടനകളുമായി ചർച്ച ചെയ്തതിനുശേഷമേ അങ്ങനെ ഒരു നിലപാടിലേയ്ക്ക് ഗവൺമെന്റ് പോകുകയുള്ളു എന്നിവിടെ പ്രഖ്യാപിച്ചതാണ്. അങ്ങനെ പറയുന്നതിനുമുമ്പ് ആ ഉറപ്പുകൾ ലംഘിച്ചുകൊണ്ടാണ് ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ഇങ്ങനെ ഒരു പ്രഖ്യാപനം നടത്തിയിട്ടുള്ളത്. അത് ഗവൺമെന്റിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന ഒരു പ്രശ്നമാണ്. അതിനാൽ ഗവൺമെന്റിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നതും ചർച്ചയ്ക്ക് വഴിയൊരുക്കാത്തതുമായ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്ക്ഔട്ട് നടത്തുന്നു.

(ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

(സഭയിൽ നിന്നും പുറത്തുപോയ പ്രതിപക്ഷ അംഗങ്ങൾ അല്പ സമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

(ശ്രദ്ധക്ഷണിക്കൽ)

* * * * * * * * * * * * * * *